


# കണിക്കൊന്ന

ജി.ജി.എച്ച്.എസ് ആലത്തൂർ

# കണിക്കൊന്ന

ലിറ്റിൽ കൈറ്റ്സ്






# എഡിറ്റോറിയൽ ബോർഡ്



# ലിറ്റിൽ കൈറ്റ്സ്



# സന്ദേശം



കുട്ടികൾക്ക് ഐ.ടി യിൽ അഭിരുചി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ലിറ്റിൽ കൈറ്റ്സിന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.കൂടാതെ മലയാളം ടൈപ്പിംഗിൽ പ്രാവീണ്യം വളർത്തുന്നതിനുവേണ്ടി പ്രകാശനം ചെയ്യുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു.

പ്രധാന അധ്യാപിക

പി.കെ.വത്സല

# സന്ദേശം




ഗവ:ഗേൾസ്.ഹയർസെക്കന്ററി സ്കൂൾ ആലത്തൂരിലെ ഒമ്പതാം തരം വിദ്യാർത്ഥിനികൾ ലിറ്റിൽകൈറ്റ്സ് ക്ലബിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കുന്നതിൽ വളരെയധികം സന്തോഷിക്കുന്ന അവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകൾ നേരുന്നു.

**പ്രിൻസിപ്പാൾ**

**സുരേഷ്.കെ**

# എഡിറ്റോറിയൽ



വേനലിന്റെ നിരാഹാര ശീതളിമയിൽ പാലക്കാടിന്റെ മൊട്ടക്കുന്നുകളെ തഴുകി കരിമ്പനകളെ ആട്ടിയുലച്ചുകൊണ്ടുവരുന്ന ആ പാലക്കാടൻ കാറ്റ് ആലത്തൂരിന്റെ നെഞ്ചിലേക്കും വീശിയടിക്കും.ആ കാറ്റിൽ വീഴുമലയിലെ മരങ്ങൾ ആനന്ദനൃത്തമാടും.പിന്നീടത് ഗേൾസ്സ്കൂളിന്റെ കരിനീല ചുമരുകളിൽ തട്ടി ചിന്നിച്ചിതറും.ചിതറിയ ഓരോ ധൂളികളിലും സ്കൂളിന്റെ മണമുണ്ടാകും.

പൂക്കളുടെ ശോഭകളാലും കഴിവിന്റെ മധുരത്താലും ആലത്തൂരിനെ എന്നും വർണശോഭമാക്കുകയാണ് ഗേൾസ് സ്കൂൾ. 19-ാംനൂറ്റാണ്ടിൽ നിന്ന് 20-ാംനൂറ്റാണ്ടിലേക്ക് കടക്കുമ്പോഴും സ്കൂളിന്റെ മണ്ണ് പോലും എന്തിന് ഓരോ ചുമരിനുമുണ്ട് അനുഭവത്തിന്റെയും ജ്ഞാനത്തിന്റെയും കഥ പറയാൻ പുസ്തക പഠനം കഴിഞ്ഞ് ഓരോ ക്ലാസ്സും ഹൈടെക്കാകാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ ബാച്ച് 2019-ൽ തയ്യാറാക്കുന്ന ഈ മാഗസിൻ

## "കണിക്കൊന്ന"

## ഉള്ളടക്കം


കണിക്കൊന്ന ലിറ്റിൽ കൈറ്റ്സ്..........1
സ്ക്കൂളിന്റെ ചരിത്രം..........9
ഗാന്ധിജിയും ചിന്തകളും..........11
പ്രകൃതി..........13
പാലക്കാടിന്റെ സൗന്ദര്യം..........15
ലൗഡ് സ്പീക്കർ..........17
ചോദ്യം..........17
വേരുകൾ..........18
വിശ്വഭാരതം സ്വപ്നം കണ്ട..........19
മഹാകവി..........19
തണുത്ത യാത്ര..........21
കിനാവ്..........25
ജലം ഭൂമിയുടെ വരം..........27
കാലം..........29
മഴ..........29
അഞ്ച് വിരലുകൾ..........30
നമ്പൂതിരി ഫലിതം..........31
പേപ്പർ..........32
പുഴ..........32
ഇത്തിൾകണ്ണി..........34
കഥ പറയാം..........35
ഭാരതത്തെ ഉണർത്തിയ..........37
സന്യാസി..........37
വിവേകാനന്ദ വചനങ്ങൾ..........38
പുഴക്കൊരു..........39
കാമുകൻ..........39
റൊസാറിയോ..........40
തെരുവിൽ കളിച്ചുനടന്ന..........40
കൊച്ചു ലിയോ ..........40
ലോകാത്ഭുതങ്ങൾ..........42

സുഹൃത്ത്........................................................................................................46
SMART........................................................................................................47
വീണു കിട്ടിയ മുതൽ........................................................................................................49
പൂച്ചയുടെ തന്ത്രം........................................................................................................50
താക്കോൽ........................................................................................................51
യാത്ര........................................................................................................51
പുലരി........................................................................................................52
പൂമ്പാറ്റ........................................................................................................54
പ്രവാസി........................................................................................................55
പ്രഭാത കിരണങ്ങൾ........................................................................................................56
പ്രളയ ഭൂമി........................................................................................................58
പ്രളയം........................................................................................................59
മഴ........................................................................................................62
തെരുവിൽ ഒരമ്മ........................................................................................................63
വഴിയാധാരം........................................................................................................66
പരീക്ഷാച്ചൂട്........................................................................................................68
പരൽപ്പേരുകൾ........................................................................................................70
പ്രതിബന്ധങ്ങളെ തരണം ചെയ്ത 'നിക്ക് വുജിസിക്ക് '........................................................................................................72
മൈദ അപകടകാരിയോ?........................................................................................................73
റീഫിൽ വേണ്ട,........................................................................................................76
മഷിപ്പേനയാകാം........................................................................................................76
ഞാൻ കൽപന........................................................................................................77
മതിമറന്ന കേരളം........................................................................................................79
ആശ വരുത്തിയ ദോഷം........................................................................................................80
അച്ഛൻ........................................................................................................82
അമിതമായാൽ അമൃതും വിഷം........................................................................................................83
അമ്മ........................................................................................................84
അമ്മച്ചി........................................................................................................85
കൊകൊ........................................................................................................87
ദുരിത പെയ്ത്ത്........................................................................................................88
ണ്ടിണ്ടിണ്ടം ചെണ്ട........................................................................................................89
എനിക്ക് സഹിക്കാനാവുന്നില്ല........................................................................................................90
എന്റെ കഴിവ്........................................................................................................91
എൻ വിദ്യാലയം........................................................................................................92
കടങ്കഥകൾ........................................................................................................93


കലി തുള്ളി പെരുവെള്ളം....95
കാർമുകിൽ....96
കാഴ്ച....97
കാഴ്ച ഉള്ള ഒരാൾ....98
കർക്കിടകം....99
കാർമേഘം....99
ലഹരിയുടെ ഇരുണ്ടവഴികൾ....100
പാലക്കാടിന്റെ സ്വന്തം നിള....101
കഥ പറയാം....103
നോബൽ സമ്മാനം....104
കുട്ടിക്കാലം....106
പഴമൊഴികൾ....107
നിലാവിന്റെ ഭംഗി....109
പ്രളയം....110
ശീപോതി വയ്ക്കൽ....111
സൗഹൃദം....112
സൂര്യൻ....113
മഴമറന്നു പോയത്....113
കൂട്ടുകാർ....114
മഹാപ്രളയം....115
ബേപ്പൂർ സുൽത്താൻ....116
ബഷീറിന്റെ പ്രധാന കൃതികളിലൂടെ....118
സ്വപ്നത്തിൽ നിന്നൊരു കവിത....123
വിശപ്പ്....124
പരീക്ഷ....125

# സ്കൂളിന്റെ ചരിത്രം

കേരളത്തിന്റെ നെല്ലറ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പാലക്കാടിന്റെ ഏതൊരു ഭാഗത്തെ ചരിത്രവും കൃഷിയുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് ജില്ലയുടെ ഏതാണ്ട് തെക്കു പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന, വീഴുമലയുടെ താഴ്വാരത്തിൽ ഗായത്രിപ്പുഴയുടെ സ്നേഹലാളനങ്ങളേറ്റു കിടക്കുന്ന ഒരു കൊച്ചു നഗരമാണ് ആലത്തൂർ. വികസനത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപ്പെട്ടു നിൽക്കുന്ന ഇവിടം മലകളും, വയലേലകളും ഊടുവഴികളും നിറഞ്ഞ പ്രദേശമാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ടാണ് ഇവിടത്തെ സംസ്കാരം തന്നെ രൂപപ്പെട്ടിട്ടുള്ളത്. ഒരു നാടിന്റെ സാംസ്കാരിക വികസനം എന്നത് ആ നാടിന്റെ വിദ്യാഭ്യാസ ചരിത്രത്തെ ആസ്പദമാക്കിയാണ് നിലകൊള്ളുന്നത്. ഈ അന്വേഷണത്തിലൂടെ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ അനുദിനം വികസിച്ചു വരുന്ന നാടാണ് ആലത്തൂർ അതിനു തിലകക്കുറി ചാർത്തി വിളങ്ങുന്ന സരസ്വതീക്ഷേത്രമാണ് ആലത്തൂർ ഗവണ്മെന്റ് ഗേൾസ് ഹയ്യർ സെക്കണ്ടറി സ്കൂൾ .

ഉയരങ്ങളിലേക്കു കുതിക്കാനായി വെമ്പി നിൽക്കുന്ന ഈ കലാലയം ആലത്തൂർ താലൂക്കിലെ ഏക പെൺപള്ളിക്കൂടമാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്നെതിരെ രാജ്യമെമ്പാടും പോരാട്ടങ്ങൾ നടന്നിരുന്ന- രാജ്യം സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ വെന്തുരുകിയ കാലം -1922 ൽ മദ്രാസ് ഗവണ്മെന്റിനു കീഴിൽ ഒരു ബോർഡ് സ്കൂൾ ആയിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പെൺകുട്ടികൾക്ക് മാത്രം പ്രവേശനമുള്ള സ്കൂളിൽ ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രവേശനം നൽകിയിരുന്നു. ഒരുപാട് പ്രഗത്ഭമതികളെ വാർത്തെടുത്ത് സമൂഹത്തിനു സംഭാവന നൽകിയ കലാലയം.എല്ലാ ക്ലാസ് റൂമുകളും ഹൈടെക്കാക്കിക്കൊണ്ട് ഇന്നും ആ മഹനീയ കൃത്യം അങ്ങേയറ്റം ഉത്കൃഷ്ടമായ രീതിയിൽ നിർവ്വഹിച്ചു വരുന്നു.

# ഗാന്ധിജിയും ചിന്തകളും



എന്റെ ജീവിതമാണ്
എന്റെ സന്ദേശം.

ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാക്കുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.

മനസാക്ഷിയെ ബാധിക്കുന്ന പ്രശ്നത്തിൽ
ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല.

സമുദ്രജലത്തിലെ ഏതാനും തുള്ളികൾ
മലിനമായാൽ
സമുദ്രം മുഴുവൻ മലിനമാകില്ല.
മനുഷ്യനും മനുഷ്യവംശവും അതുപോലെയാണ്.

നിർമലമായ സ്നേഹത്താൽ
നേടാനാവാത്തതായി ഒന്നുമില്ല.

ദേഷ്യം അഹിംസയുടെ ശത്രുവാണ്.
അഹങ്കാരം എന്നത്
അതിനെ വിഴുങ്ങുന്ന സത്യവും.

ആദ്യം അവർ നിങ്ങളെ അവഗണിക്കും,
പിന്നെ പരിഹസിക്കും,
പിന്നെ പുച്ഛിക്കും,
പിന്നെ അക്രമിക്കും,
എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം.


സത്യമെന്നത് വെറുമൊരു വാക്കല്ല.
ജീവിതം മുഴുവൻ സത്യമായിത്തീരണം.

നിങ്ങൾ മനുഷ്യനായതുകൊണ്ടു മാത്രം
വലിയവനാകുന്നില്ല.
മനുഷ്യത്വം ഉള്ളവനാകുമ്പോഴാണ്
വലിയവനാകുന്നത്.


ക്രോധത്തിനുള്ള ഏറ്റവും നല്ല മറുപടി
മൗനമാണ്.

# പ്രകൃതി

ഇടതിങ്ങിവളരും മനോഹരി നീ എങ്ങും
സുഗന്ധം പരത്തും മനസിനു നിത്യവും
പുഞ്ചിരിതൂകുമീ പുഷ്പലതാദികൾ
മോഹിനീ നീ തന്നെ ഞങ്ങൾക്കു പ്രിയങ്കരം
പക്ഷികൾ വണ്ടുകൾ കേൾക്കുമാനന്ദം
പരത്തുമീ കണ്ണിൽ തൂകുന്ന നന്മയും
കളകളാരവം മുഴക്കും നദികളും
നന്മ ജലവും കുളിർമയും ഏകും
പ്രകൃതി നീ തന്നെ ഞങ്ങൾക്കു സാന്ത്വനം



# പാലക്കാടിന്റെ സൗന്ദര്യം























Peacock Sanctuary,
Choolanoor
India's First Peacock Sanctuary




PARAMBIKULAM
TIGER RESERVE
PALAKKAD,KERALA,INDIA

# ലൗഡ് സ്പീക്കർ



ഉറുമ്പുകളുടെ പിറുപിറുക്കൽ
എത്ര ഉറക്കെയാണ്.
വായതോരാതെയുള്ള സംസാരം
തുലാമഴപോലെ നീളുന്നു.
അവരുടെ വീട്ടിലെ വിരിന്നുക്കൂട്ടലും
ആർപ്പുവിളിയും
രാത്രിയുടെ ഉറക്കം കെടുത്തുന്നത്രേ.
ശരിക്കും യു.പി ക്ലാസിലെ
പിള്ളേരെ പോലെ തന്നെ !

## ചോദ്യം

ചോക്കെറിഞ്ഞും
ചൂരലുവിറപ്പിച്ചും
ക്ലാസ്സിനു പുറത്താക്കപ്പെട്ട
കവിതകൾ
ഇക്വേഷനുകൾക്കെതിരെ
ധർണയിലാണ്.


# വേരുകൾ



വികൃതമായി വളഞ്ഞ്
ദേഹമാസകലം ചുളിഞ്ഞ്,
വിളറി,
വയലിൽ പണിയെടുക്കുന്ന
മുത്തശ്ശന്റെ കൈകൾ പോലെ
തഴമ്പിച്ച വേരുകൾ.
വയസ്സായപ്പോൾ
ആരും കാണാത്തവിധം
മണ്ണിനടിയിൽ ഒരു മൂലയിൽ
ഒളിച്ചിരുന്നു.
'ഓമന തിങ്കൾ കിടാവോ'മണ്ണിനെ താരാട്ടുപാടി

അഷിത ബേബി

# വിശ്വഭാരതം സ്വപ്നം കണ്ട മഹാകവി



'ഓരോ ജനസമുദായത്തിനും ഈശ്വരൻ ഒരധ്യാപകനെപ്പോലെ ഓരോ കണക്ക് കൊടുക്കാറുണ്ട്. ഭാരതത്തിനു നൽകിയിരിക്കുന്ന കണക്ക് അത്യന്തം സങ്കീർണമാണ്. എന്നാൽ,പാശ്ചാത്യർക്കു കിട്ടിയത് അത്യന്തം ലളിതമായിരുന്നു. എന്നിട്ടും അവരത് തെറ്റിച്ചു. ആ കണക്കിനു ശരിയായ ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള ചുമതല ആ മഹാധ്യാപകൻ ഭാരതത്തെത്തന്നെ ഏൽപ്പിച്ചതിനു മതിയായ കാരണമുണ്ട്. അവൾക്കേ അതിനു കഴിവുള്ളൂ. അവൾക്കേ അതിലേക്കാവശ്യമുള്ള വിശിഷ്ടമായ സംസ്കാരമുള്ളൂ. ഭാരതം കണ്ടെത്തുന്ന പരിഹാരം ലോകത്തിലെ സകല പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കും'.

ലോകത്തിനു വഴികാട്ടുന്ന ദീപസ്തംഭമായി ഭാരതത്തെ ദർശിച്ച ഒരു മഹാന്റേതാണ് ഈ വാക്കുകൾ.

ഭാരതത്തിന്റെ ആധ്യാത്മികസന്ദേശംകൊണ്ട് വിശ്വത്തിൽ ശാന്തിയും സാഹോദര്യവും സ്ഥാപിക്കുക- വിശ്വഭാരതം സൃഷ്ടിക്കുക. അതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം.

ഇന്ത്യയെന്ന മഹാ കാവ്യത്തിലെ എക്കാലവും പ്രകാശിക്കുന്ന ഏടുകളിൽ ഒന്നാണ് രബീന്ദ്രനാഥ ടഗോർ. സംഗീതത്തിന്റെ ലോകത്ത് 'രബീന്ദ്രസംഗീതം' എന്ന വേറിട്ട വഴി തന്നെ അദ്ദേഹം സൃഷ്ടിച്ചു. ലോകം 'ഗുരുദേവൻ' എന്ന് ആദരപൂർവം വിളിച്ചിരുന്നു.



രബീന്ദ്രനാഥ ടഗോർ ജന്മം നൽകിയ വിദ്യാഭ്യാസ കേന്ദ്രങ്ങളാൽലോകപ്രസിദ്ധമായ പ്രദേശമാണ് ശാന്തിനികേതൻ

# തണുത്ത യാത്ര



അവധിക്കാലം കൂട്ടുകാർ  നന്നായി ആഘോഷിച്ചോ? എന്നാൽ ഞാനീ അവധിക്കാലം അടിപൊളിയാക്കി  ഈ അവധിക്കാലമായിരിക്കും  എന്റെ ജീവിതത്തിലെ മനോഹരമായത് .അവധിക്കാലം ഒരു മാസം കഴിഞ്ഞു ഒരു യാത്ര പോലും പോയില്ല അങ്ങനെ അച്ഛനോടും അമ്മയോടും പരാതി പറഞ്ഞ്  രണ്ട് ദിവസം കഴിഞ്ഞപ്പോൾ  അച്ഛൻ  ഒരു സൂപ്പർ ട്രിപ്പ് പ്ലാൻ ചെയ്യ്തു  കാഞ്ഞിരപ്പുഴ വഴി  വയനാട് .ഞാനും അച്ഛനും അമ്മയും  അനിയനും അനിയത്തിയും പിന്നെ മാമനും അമ്മായിയും പിന്നെ അവരുടെ മക്കളും മെയ് 3-ാം തിയ്യതി  വൈകീട്ട് ഞങ്ങൾ  പുറപ്പെട്ടു  കാഞ്ഞിരത്ത് എത്തുമ്പോൾ നേരം സന്ധ്യയായി .ക്ഷീണമകറ്റാൻ അവിടത്തെ  കിണറ്റിലെ  തണുത്ത വെള്ളം കൊണ്ടൊരുകുളി .ഉഷാറായി ,പിറ്റേന്ന്  രാവിലെ കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ. കളിച്ചു ഒരു 6,6-30 ന് പുറത്തിറങ്ങി  ഐസ്ക്രീമും  വാങ്ങി  തിരിച്ചുപോയി പിറ്റേന്ന് 5-5-2018  അന്ന് എന്റെ  അനിയന്റെ

പിറന്നാളായിരുന്നു 8-ാം പിറന്നാൾ കാഞ്ഞിരത്തെ ഒരു ക്ഷേത്രത്തിലാണ് അവന് ചോറൂണ നടത്തിയത് അവിടെത്തന്നെ അവന്റെ പിറന്നാളാഘോഷവും ഉച്ചയോടെ വയനാട്ടിലേക്ക് തിരിച്ചു വയനാട് ചുരം കയറിക്കഴിയാറാകുമ്പോൾ ഒരു വലിയ മരമുണ്ട് ആ മരത്തിനുചുറ്റും ചങ്ങലകൊണ്ട് ബന്ധിച്ചിട്ടുണ്ട് അതൊരുമരമല്ല ഒരു ആത്മാവിന്റെ താവളമാണ് കരിന്തണ്ടൻ എന്ന ആദിവാസിയുടെ ആത്മാവാണ്. അവിടെ ഈ വയനാട് എങ്ങനയാഉണ്ടായതെന്ന് കുട്ടുകാർക്ക് അറിയേണ്ടേ ഈ കരിന്തണ്ടൻ പശുവിനെ മേയ്ക്കാൻ കാടിനകത്തേക്ക് പോകുമായിരുന്നു അതു പോലെ തിരിച്ചും വരും ബ്രിട്ടീഷുകാർ തലപുകഞ്ഞ് ആലോചിച്ചിട്ടും അതിയേ പോകുന്ന വഴി അവർക്ക് മനസിലാക്കാനായില്ല കരിന്തണ്ടൻ പിറ്റേന്ന് അതുപോലെ പോയി വന്നു കരിന്തണ്ടൻ അങ്ങനെ എപ്പോഴും പോകുന്നത് ബ്രിട്ടീഷുകാർ കണ്ടിരുന്നു വഴി അവർ ചോദിക്കുമ്പോൾ ആദിവാസി ഭാഷയിൽ എന്തെങ്കിലുമൊക്കെ പറയും ഒരു ദിവസം അദ്ധേഹം അവരെ കുട്ടികൊണ്ടുപോയി വഴിയെല്ലാം മനസ്സിലാക്കി അവർ വയനാടെത്തി എന്നിട്ടൊന്നു വിചാരിച്ചിരിക്കണം ഇയാൾ മറ്റുള്ളവർക്ക്

വഴി പറഞ്ഞു കൊടുക്കുമെന്നോ ഈ വഴി കണ്ടുപിടിച്ചത് ഇയാളാണ് എന്ന് ലോകമറിയാതിരിക്കാനാവണം അവർ കരിന്തണ്ടനെ വെടിവച്ചു കൊന്നു .പിന്നീട് വർഷങ്ങൾക്ക് ശേഷം ഏതു വണ്ടിക്കാരൻ ആ വഴി പോയാലും അപകടം ഉണ്ടാവും. ഇപ്പോൾ രാത്രി മാത്രം.അതുകൊണ്ടാരും രാത്രി ആ വഴി പോവാറില്ല ഇതാണ് കരിന്തണ്ടൻ എന്ന ആദിവാസിയുടെ കഥ ഈ മരം വെസ്റ്റ്- ട്രീ എന്നാണ് അറിയപ്പെടുന്നത് . വയനാട് ചുരം കഴിഞ്ഞു വെൽക്കം ടു വയനാട് എന്ന് വലിയ അക്ഷരത്തിൽ എഴുതിവച്ചിരിക്കുന്നു വയനാട് അച്ഛന്റെ ഫ്രണ്ടിന്റെ ഭാര്യ വീടാണ് അങ്കിളിന്റെ ഭാര്യ പ്രസവിച്ചു പെൺകുട്ടി .ഒരു റിസോർട്ടിലായിരുന്നു ഞങ്ങളുടെ താമസം.രാത്രി അനിയന്റെ ബർത്ത്ഡേ കേക്ക് കട്ട് ചെയ്തു . പിറ്റേന്ന്
"ഇടക്കൽ ഗുഹ" പണ്ട് പഴശ്ശിരാജ ഒളിപ്പോര് നടത്തിയ ഗുഹയാണ്ഇടയ്ക്കൽ ഗുഹ .
4-5 കിലോമീറ്റർ നടക്കാനുണ്ട് ഗുഹയിൽ എത്തിയപ്പോൾ എന്തൊക്കെയോ കൊത്തിവച്ചിരിക്കുന്നു പഴശ്ശിരാജയുടെ ഭാഷയാണത് സുന്ദരവും പ്രാചിനവുമായ ആ ഇടക്കൽ ഗുഹ എനിക്ക് നന്നായി ഇഷ്ടപ്പെട്ടു.അതിനു ശേഷം തിരുനെല്ലി ക്ഷേത്രം

കാണാൻ ഞങ്ങൾ പോയി.അവിടെ ശ്രീരാമന്റെ കാൽപാദം കണ്ടു പിന്നീട് പാപനാശിനി നദിയും അതിന്റെ പ്രത്യേകത എന്ത് എന്ന് വച്ചാൽ അതിൽമുങ്ങി കുളിച്ചാൽ നമ്മുടെ പാപങ്ങളെല്ലാം തീരും. പിന്നെ അതുമാത്രമല്ല മലവെള്ളമാണിത് . കല്ലുകളുടെ ഇടയില്ലൂടെ വരുന്ന വെള്ളം. തിരുനെല്ലിയുടെ ശാസ്ത്രം അറിഞ്ഞു തിരുനെല്ലി ദേവിയെകണ്ടു വിടവാങ്ങി തിരിച്ച് റിസോർട്ടിലേക്ക് രാത്രികഴിക്കാൻ ഭക്ഷണം വാങ്ങി.പിറ്റേന്ന് ബാണാസുരഡാം കാണാൻ പോയി.ഈ ഡാമാണ് ആദ്യമായി മണ്ണുകൊണ്ടുണ്ടാക്കിയ ഡാം രണ്ടാമത്തേത് പോത്തുണ്ടിയുമാണ്.അവിടെ ഞാനാദ്യമായി കുതിരസവാരി ചെയ്തു .ഫ്ളവർ ഷോ കണ്ടു ഊഞ്ഞാലാടി പിന്നെ ബാണാസുരഡാംകാണാൻ പോകുമ്പോൾ മാങ്ങയും ഉപ്പും മുളകും കൂടികൊണ്ടു പോയിരുന്നു അതും അവിടിരുന്നു കഴിച്ചു സുന്ദരമായ ബാണാസുരയും സന്ദർശിച്ചു രാത്രിയായതു കൊണ്ട് കാട്ടാനയെയും മാനിനെയും കാട്ടുപോത്തിനെയും പുലിയെയും കാണാൻ പറ്റി ചുറ്റും കാടും വയനാട് യാത്ര സന്തോഷത്തോടെ നിർത്തുന്നു.......................................

അനാമിക.എസ്

# കിനാവ്



എനിക്കൊരു സ്വപ്നമുണ്ട്

ഒരു പുഴയാവണം.

മാലിന്യം നിറച്ച എന്റെ മനസ്സിനെ

പ്രളയം കൊണ്ടെനിക്ക്


വൃത്തിയാക്കണം.

കല്ലെട്ടുത്തെറിഞ്ഞ കുട്ടികളെ

ഒന്നു കരയിക്കണം.

സ്നേഹ എൽ

# ജലം ഭൂമിയുടെ വരം



ഭൂമിയിൽ മനുഷ്യന് ഏറ്റവും ആവശ്യമുള്ള വസ്തുക്കളിൽ ഒന്നാണ് ജലം. ഒരേ സമയം വേലക്കാരനായി അത് നമ്മെ സേവിക്കുകയും യജമാനനായി പണിയെടുപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു!ഒട്ടേറെ സംസ്കാരങ്ങളെ വെള്ളം നനച്ചു വളർത്തുകയും തച്ചുതകർക്കുകയും ചെയ്തു. ഇന്നും ലോകത്ത് നടക്കുന്ന ചെറുതും വലുതുമായ ഒട്ടേറെ സംഘർഷങ്ങൾ ശുദ്ധജലത്തിനു വേണ്ടിയാണ്. ജീവവായു പോലെ മനുഷ്യന് പ്രധാനപ്പെട്ടവയാണ് വെള്ളം.

ഭൂമിയിൽ ജീവന് അനുയോജ്യമായ കാലാവസ്ഥ ഒരുക്കി തരുന്നതിൽ നിർണായക പങ്കു വഹിക്കുന്നതും ജലമാണ്. ജലചക്രത്തിൽ വരുന്ന വ്യതിയാനങ്ങൾ ലോകമെങ്ങും വലിയ കാലാവസ്ഥ മാറ്റങ്ങൾ സൃഷ്ടിക്കുന്നു.
ഭൂമിയിലെ ആകെ ജലത്തിന്റെ വെറും മൂന്ന് ശതമാനമേ

ശുദ്ധജലമായുള്ള!ലോകത്തിലെ ശുദ്ധജലത്തിന്റെ 77 ശതമാനവും ധ്രുവങ്ങളിലെ മഞ്ഞുപാളികളിൽ ഉറഞ്ഞുകിടക്കുകയാണ് ! ഭൂമിയിലെ കരഭാഗത്തിന്റെ 10 ശതമാനം വരും ഇത്തരം മഞ്ഞുപാളികൾ!
കുളിക്കാനും കുടിക്കാനും മാത്രമല്ല, ആചാരവും ആരാധനയുമായി ബന്ധപ്പെട്ടും ജലത്തിന് സ്ഥാനമുണ്ട്. നദിയെ അമ്മയായി കണ്ടുവന്നിരുന്ന സംസ്കാരമാണ് നമ്മുടേത്.രാജ്യത്തെ പ്രധാന നദികളെല്ലാം പലർക്കും പുണ്യ നദികളാണ്.

# കാലം



തിരിച്ചുകിട്ടാത്ത കടമയാണ്
സ്നേഹമെന്ന ലോകം
ഹൃദയത്തിലൊളിപ്പിച്ച ഇഷ്ടമാണ്
മിഴികൾ കണ്ട സ്വപ്നം
വീഴ്ചകളാണ് പിച്ചവെക്കാൻ
കാലത്തിന്റെ നിയമങ്ങൾക്ക്
അന്ത്യമില്ലാതെ പടരുകയാണിവ

# മഴ

ചിരിക്കുന്ന മേഘങ്ങളേക്കാൾ
എനിക്കിഷ്ടം കരയുന്ന
മേഘങ്ങളെയാണ്
ഈ വേനൽ ചൂടിൽ
കരയുന്ന മേഘങ്ങൾ
അപൂർവമാണെന്നിരിക്കാം
എങ്കിലും ഞാൻ
ആഗ്രഹിച്ചുപോവുകയാണ്
കരയുന്ന മേഘങ്ങളെ കാണാൻ.

**രഹിത ആർ**

# അഞ്ച് വിരലുകൾ



ഒരിക്കൽ ഒരു കൈയ്യിലെ അഞ്ചു വിരലുകൾ തമ്മിൽ തർക്കിച്ചു. അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു. എന്തും എടുക്കാനും എഴുതാനും ഞാൻ വേണം. ചൂണ്ടുവിരൽ വാദിച്ചു " എന്താനേയും ചൂണ്ടിക്കാണിക്കാനും സൂചിപ്പിക്കാനും ഞാൻ വേണം". നടുവിരൽ പറഞ്ഞു" നീളത്തിൽ ഞാനാണ് ഒന്നാമൻ - ജന്മനാ നേതാവ് ". അണിവിരൽ അവകാശപ്പെട്ടു "വിവാഹ മോതിരം അണിയുന്നത് ഞാനാണ്, കുടുംബത്തിന്റെ കിരീടവും സ്നേഹത്തിന്റെ പ്രതീകവുമാണ് മോതിരം. ചെറുവിരൽ പറഞ്ഞു "ഏറ്റവും ഓമനത്തം എനിക്കാണ്, കൈതൊഴുമ്പോൾ ഞാനാണ് മുൻപിൽ നിൽക്കുന്ന നേതാവ്. അവസാനം കൈയ്യുടെ ഉടമസ്ഥൻ പറഞ്ഞു " നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രിയപ്പെട്ടതും പ്രധാനവും ആണ്. ഒറ്റക്കായി നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും.

**അഞ്ജലി.എസ്**

# നമ്പൂതിരി ഫലിതം

ഒരു നമ്പൂതിരിയും വേലക്കാരനും നടന്ന പോവുകയായിരുന്നു. യാത്രക്കിടെ അവർക്ക് ഒരു കള്ള് ഷാപ്പിന് മുന്നിലൂടെ പോകേണ്ടി വന്നു. കള്ള് ഷാപ്പിനു മുന്നിലൂടെ പോയപ്പോൾ രണ്ടു പേരും മൂക്ക പൊത്തി. അപ്പോൾ നമ്പൂതിരി വേക്കാരനോട് ചോദിച്ചു,"താനെന്തിനാ മൂക്ക് പൊത്തിയത് ? ച്ഛെ, ആ നശിച്ച മണം കേറാതിരിക്കാനാണ് " വേലക്കാരൻ പറഞ്ഞു. "അങ്ങ് എന്തിനാ മൂക്ക പൊത്തിയത് ? വേലക്കാരൻ ചോദിച്ചു. "ആ കേറിയ മണം പോകാതിരിക്കാനാണ് " ഇതാണ് നമ്പൂതിരിയുടെ മറുപടി.

* *

ഒരു ഭക്ഷണപ്രിയനായ നമ്പൂതിരി ഒരിക്കൽ അമിതമായി സദ്യയുണ്ടു. ആകെ അസ്വസ്ഥത. അപ്പോഴാണ് ഒരു വിളമ്പുകാരൻ പാൽപ്പായസം കൊണ്ടുവരുന്നത്. നമ്പൂതിരി അത് എങ്ങനെയൊക്കയോ വാങ്ങിക്കഴിച്ചു. അത് കണ്ട ഒരാൾ ചോദിച്ചു"നിങ്ങളല്ലെ വയറു നിറഞ്ഞു എന്നൊക്കെ പറഞ്ഞത്. പിന്നെയെങ്ങനെ പാൽപ്പായസം അകത്താക്കി ?" അപ്പോൾ "തൃശ്ശൂർ പൂരത്തിന് ആനയിടഞ്ഞാൽ ആനക്ക് ഓടാൻ സ്ഥലമുണ്ടാകും"-എന്നായിരുന്നു നമ്പൂതിരിയുടെ മറുപടി.

# പേപ്പർ

ചിന്തകളെ കുത്തിക്കുറിച്ച
പേപ്പർ
സ്വപ്നങ്ങളെ നെയ്തെടുത്ത
പേപ്പർ
പേപ്പർ നിറഞ്ഞപ്പോൾ
അതൊരു കവിതയായി.



# പുഴ

ഇപ്പോഴും മുറിവുണങ്ങിയിട്ടില്ല
മാലിന്യം കൊണ്ടുണ്ടായ
കറ മാഞ്ഞിട്ടില്ല
കണ്ണീരിൽ വീണ ഉപ്പ് ഇന്നും
ഉതിർന്നിട്ടില്ല
പുഴയെന്നും വേദനയുടെ
ഓളങ്ങളടിച്ച്
നിലവിളി മുഴക്കി
ഒഴുകുകയാണ്
ഈണമില്ലാതെ പാടുന്ന
കുയിലിനെ പോലെ

പുഴ ഒഴുകുകയാണ്
എന്നിട്ടും പുഴ ആഗ്രഹിക്കുന്നു
ഒരു പ്രളയം കൂടി

-സ്നേഹ.എൽ

(സബ്ജില്ല കലോത്സവത്തിൽ
രണ്ടാം സ്ഥാനം നേടിയ കവിത)



# ഇഞ്ചിൾകണ്ണി



പാതി ചത്തവന് നീ എന്നും
കൂട്ടിരിക്കും.
പഞ്ഞിക്കെട്ടിന് മഴയോട്
തോന്നാത്തതെന്തോ
നിലാവിന് ഇരുട്ടിനോട്
തോന്നാത്തതെന്തോ
നിനക്ക് അവനോടുണ്ട്.
സൂചിക്ക് നൂലിനോടുള്ള
പ്രണയം പോലെ,
പൂവിന് പൂമ്പാറ്റയോടുള്ള
അടുപ്പം പോലെ
നീ അവനെ ചേർത്തു
പിടിക്കുന്നു.
നിന്റെ ചോരയിൽ
അവന്റെ വാക്കുകളുടെ
മണമുണ്ട്,
നിന്റ വാക്കുകളുടെ
തുടിപ്പുണ്ട്.
പക്ഷെ,
അവൻ നിന്നെ
വെറുത്തിരുന്നു.

# കഥ പറയാം

വഴിയോരത്ത് കിടക്കുന്ന
പ്ലാസ്റ്റിക്കിനുമുണ്ടാവും
ആർക്കും വേണ്ടാതെ
തെരുവിലുപേക്ഷിച്ചതിന്റെ
കഥ പറയാൻ.
നേട്ട കെട്ടുകളില്ലാത്ത
പിഞ്ഞിക്കീറിയ പേഴ്സിലെ
നൂലിനുമുണ്ടാവും
ഒരായിരം കഥ പറയാൻ.
കനാലു വെള്ളത്തിലൂടെ
കുത്തിയൊലിക്കുന്ന
ചെരുപ്പിനുമുണ്ടാവും
ചരിത്രത്തിന്റെ കഥ പറയാൻ.
എങ്കിൽ
ഞാനും പറയാം
അടിച്ചമർത്തപ്പെട്ട
**എന്റെ ജീവിത കഥകൾ.**


**-നവിത.എസ്**

# ഭാരതത്തെ ഉണർത്തിയ സന്യാസി

'ഉത്തിഷ്ഠത! ജാഗ്രത!

ഉണരുക! എഴുന്നേൽക്കുക! ലക്ഷ്യം പ്രാപിക്കുംവരെ നിന്നു പോകരുത്!'

ഈ ഉപനിഷത്ത് മന്ത്രം ഉരുവിട്ട് ഭാരതത്തിന്റെ സ്വാതന്ത്ര്യപ്പോരാട്ടത്തിന് ഊർജം നൽകിയ മഹാനാണ് സ്വാമി വിവേകാനന്ദൻ. 'സ്വാമി വിവേകാനന്ദൻ ഇല്ലായിരുന്നുവെങ്കിൽ നാം സ്വാതന്ത്ര്യം നേടുകയില്ലായിരുന്നു' എന്നാണ് ദാർശനികനായ സി. രാജഗോപാലാചാരി ഒരിക്കൽ പറഞ്ഞത്.



യുവാക്കളെ നോക്കി വിവേകാനന്ദൻ ഗർജിച്ചു- 'നമ്മുടെ രാജ്യത്തിന് ആവശ്യം ഇരുമ്പു പോലുള്ള മാംസ പേശികളും ആർക്കും തടയാനാവാത്ത ഇച്ഛാശക്തിയുമാണ്. ഭാരതീയനാണെന്ന് അഭിമാനത്തോടെ പ്രഖ്യാപിക്കു. നാടിന്റെ ശ്രേയസ്സാവട്ടെ നമ്മുടെ ലക്ഷ്യം'.

നിറഞ്ഞ സദസ്സുകളിൽ സ്വാമി പറയുമായിരുന്നു- 'ഈ ലോകം ഭീരുക്കൾക്കുള്ളതല്ല. ഓടിയൊളിക്കാൻ നോക്കേണ്ട. വിജയത്തിന്റെയും പരാജയത്തിന്റെയും കഥ മറക്കു. ധീരരാവുക. ചെന്നെത്തുന്നതെവിടെയെങ്കിലുമാകട്ടെ, സത്ത്യത്തെത്തന്നെ പിന്തുടരുക. ഭീരുത്വവും കാപട്യവും ഉപേക്ഷിക്കുക'.

ഭാരതത്തിന്റെ സ്വാതന്ത്ര്യപ്പുലരിയുടെ ശുക്രനക്ഷത്രമായിരുന്നു വിവേകാനന്ദൻ. അദ്ദേഹത്തിന്റെ വാക്കുകൾ രാഷ്ട്രപിതാവായ ഗാന്ധിജിക്കു പോലും പ്രചോദനമായിരുന്നു. ഭാരത സംസ്കാരത്തിന്റെ വെളിച്ചം വിവേകാനന്ദൻ ലോകമെങ്ങും എത്തിച്ചു. സാമൂഹിക ദുരാചാരങ്ങൾക്കെതിരെ ശക്തിയുക്തം അദ്ദേഹം പ്രവർത്തിച്ചു.

സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനവരി 12 എല്ലാ വർഷവും ദേശീയ യുവജനദിനമായി നാം ആചരിക്കുന്നു.

# വിവേകാനന്ദ വചനങ്ങൾ

* ഒരിക്കലും ദുർബലനാകരുത്, നിങ്ങളുടെ ഉള്ളിൽ അനന്തമായ ശക്തി ഉണ്ട്. വാക്കിലും മനസ്സിലും ചുണ വേണം.

* ആദ്യം ശരീരത്തിന്റെ ആരേഗ്യം വളർത്തുക. എന്നാൽ മാത്രമേ മനസ്സിന് നിയന്ത്രണം കൈവരൂ.

* പരിശുദ്ധി, ക്ഷമ, സ്ഥിരോത്സാഹം, സ്നേഹം ഇവയത്രേ വിജയത്തിനാവശ്യം.


* അന്ധവിശ്വാസമാണ് മനുഷ്യന്റെ എറ്റവും വലിയ ശത്രു.



* നയിക്കുമ്പോൾ സേവകനാകുക, നിസ്വാർഥനാകുക, ക്ഷമവാനാകുക. **വിജയം നിങ്ങളുടേതായിരിക്കും.**

# പുഴക്കൊരു

# കാമുകൻ



കാമുകാ............ നീ എവിടെയെൻ മേനിയെ
സംരക്ഷിക്കാൻ
കാലങ്ങളായി നിനക്കു വേണ്ടി കാത്തിരിപ്പൂ
എവിടെയെങ്ങോ
പോയി മറഞ്ഞു......എൻ ദേഹമൊട്ടാകെ
ചപ്പു ചവറുകൾ എൻ മേനിയെ സംരക്ഷിക്കു.....
മനുഷ്യരെ ഭയപ്പെടുത്തു.......മനുഷ്യർ എന്നെ
ഭയാനകമായി നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

**മഴയെ !** എൻ കാമുകനെ നീ എന്നെ രക്ഷിച്ചു കൊൾക

ദേവിക.ജി

# റൊസാറിയോ തെരുവിൽ കളിച്ചുനടന്ന കൊച്ചു ലിയോ .....



വിപ്ലവസ്വപ്നങ്ങളുടെ പ്രതീകമായി ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്ന ചെഗുവേരയുടെ സ്വദേശം.റൊസാറിയോ.

അധികം കളിപ്പാട്ടങ്ങളൊന്നും ഇല്ലായിരുന്നു ലിയോയ്ക്ക് .ഉള്ളവയിൽ പലതും ചേട്ടന്മാർ ഉപയോഗിച്ചവയാണ്.പിച്ചവെച്ചു നടക്കാൻ തുടങ്ങിയപ്പോഴെ അവന്റെ കൗതുകം ചേട്ടന്മാർ തട്ടികളിക്കുന്ന പന്തിനോടായിരുന്നു.

തനിക്കു പിടിതരാതെ ഉരുണ്ടും കുതിച്ചും ചാടിയും കളിക്കുന്ന പന്തിനു കുഞ്ഞു ലിയോ തലങ്ങും വിലങ്ങും ഓടിനടന്നു. ചേട്ടന്മാരുടെ കളി അനുഗമിച്ചാണ് ലിയോ ഫുട്ബോളിനെ പരിചയപ്പെടുന്നത്.

അങ്ങനെയങ്ങനെ ചെറിയ പരിശീലനങ്ങൾക്കൊക്കെ  പോയിത്തുടങ്ങി. 11-ാം വയസ്സിൽ പരിശീലനത്തിവേണ്ടി മെഡിക്കൽ ചെക്കപ്പ് നടത്തിയതിൽ വളർച്ചാഹോർമോണുമായി ബന്ധപ്പെട്ട് അവന് എന്തോ തകരാറുണ്ടെന്ന് റിസൾട്ടിൽ കാണാനിടയായി അതിനു മുമ്പു തന്നെ ലിയോയുടെ പ്രകടനങ്ങളെയും അഭ്യാസങ്ങളെയും പറ്റി ചില പ്രാദേശിക പത്രങ്ങളിൽ വാർത്ത വന്നിരുന്നു.ലിയോ 140

സെന്റിമീറ്ററിലധികം ഉയരം വെക്കില്ല എന്നാണ് ചെക്കപ്പ് നടത്തിയ ഡോക്ടറുടെ റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞത്.

എന്നാൽ ഹോർമോൺ ചികിത്സകൊണ്ട് ഈ അസുഖം ഭേദമാക്കാൻ കഴിയും എന്നായിരുന്നു പ്രശസ്ത എൻഡോക്രൈനോളജിസ്റ്റായ ഡോ:ഡീഗോ ഷ്വാർസ്റ്റീൻ പറഞ്ഞത് .

എന്നാൽ ഒരു ഹോർമോൺ ഇഞ്ചക്ഷന് 1000 പെസ് ആയിരുന്നു ചാർജ്. ഒരു മാസം ഒരു ഇഞ്ചക്ഷൻ എടുക്കാനായിരുന്നു നിർദേശം. ലിയോയുടെ കുടുംബത്തിന് ആ തുക താങ്ങനാവുന്നതിലും ഏറെയായിരുന്നു .

അതുകൊണ്ട് കുഞ്ഞു ലിയോ ക്യാമ്പുകളിൽ കളിച്ച് ചെറിയ രീതിയിൽ സമ്പാദിച്ചു. ചില ക്ലബുകളുടെയും ലിയോയുടെ അച്ചന്റെ കമ്പനിയുടെയും സഹായത്താൽ ചികിത്സ ആരംഭിച്ചു.ഒരു വർഷത്തിനു ശേഷം ചികിത്സയ്ക്ക് ഫലം കണ്ടുതുടങ്ങി.

ഈ കുഞ്ഞു ലിയോയാണ് പിന്നീട് ലോകത്തെ തന്നെ അമ്പരപ്പിച്ച ഇടങ്കാലുകൊണ്ട് മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ച, ഫുടേബാളിൽ തന്നെ ചരിത്രം സൃഷ്ടിച്ച റൊസാറിയോയിലെ രാജകുമാരനായ ലൂയിസ് ലയണൽ ആൻട്രെസ് മെസ്സിയായി പിന്നീട് ലോകം കണ്ടത്.

-മുബഷിറ ഷിറിൻ. കെ

# ലോകാത്ഭുതങ്ങൾ

ലോകാത്ഭുതങ്ങൾ ഏഴെന്ന് ആദ്യം നിശ്ചയിച്ചത് ചരിത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഹെറോഡോട്ടസ് എന്ന ഗ്രീക്കുകാരനാണ്. പിന്നീട് പലരും തയാറാക്കിയ പട്ടികയിൽ ലോകാദ്ഭുതങ്ങൾ മാറിമാറി വന്നപ്പോഴും അവയുടെ ആകെ എണ്ണം ഏഴെന്നു തന്നെ വന്നു.

1.ഗിസയിലെ ഗ്രേറ്റ് പിരമിഡ്



ഏതാണ്ട് 4,500 വർഷം മുമ്പ് ഈജിപ്ത് ഭരിച്ചിരുന്ന ഖുഫു (കിയോപ്സ് )എന്ന ഫറവോയുടെ ശവക്കല്ലറയാണ് ഗ്രേറ്റ് പിരമിഡ്.ആയിരം വർഷത്തിനിടെ ഈജിപ്തിൽ നിർമിക്കപ്പെട്ട അനേകം പിരമിഡുകളിൽ

അനേകം പിരമിഡുകളിൽ ഏറ്റവും വലുപ്പമുള്ളവയാണ് ഖുഫു,ഖഫ്രേ, മെൻകോർ എന്നീ ഫറവോമാരുടേത്.ഇവ മൂന്നും ഗിസയിലാണ്. ഇവിടത്തെ മറ്റൊരു അദ്ഭുതമാണ് മനുഷ്യന്റെ തലയും സിംഹത്തിന്റെ ഉടലുമുള്ള സ്ഫിങ്ക്സ് എന്ന പ്രതിമ.

2.പിസയിലെ ചരിയും ഗോപുരം



ഇറ്റാലിയൻ പട്ടണമായ പിസയിലെ കത്തീഡ്രലിൽ നിർമ്മിച്ച മണിമേടയാണ് പിൽകാലത്ത്

ചരിഞ്ഞഗോപുരമെന്ന പേരിൽ ലോക പ്രസിദ്ധമായത്.ഇരുന്നൂറ് വർഷം കൊണ്ടാണ് ഈ ഗോപുരത്തിന്റെ പണി പൂർത്തിയായത്.ചരിഞ്ഞു ചരിഞ്ഞ് നിലം പൊത്താൻ പോകുന്ന ഗോപുരത്തെ രക്ഷിക്കാൻ 1990-ലും 2008-ലും ഗോപുരത്തിൽ ചില അറ്റകുറ്റ പണികൾ നടത്തിയിരുന്നു .ഇതിന്റെ ഫലമായി 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന അതേ അവസ്ഥയിലേക്ക് ഗോപുരം തിരിച്ചെത്തി.

3. <u>റോമിലെ കൊളോസിയം</u>



മനുഷ്യ നിർമ്മിതമായ കെട്ടിടങ്ങളിൽ വലുപ്പം കൊണ്ടും നിർമ്മാണ വൈദഗ്ദ്യം കൊണ്ടും അദ്ഭുതമായി മാറിയ നിർമ്മിതിയാണ് കൊളോസിയം.ദീർഘവൃത്താകൃതിയിൽ നിർമ്മിച്ച ഒരു ഭീമൻ തീയേറ്ററാണ് കൊളോസിയം .80-ലധികം വാതിലുകളും രഹസ്യ മുറികളുമൊക്കെയുള്ള ഒരു കെട്ടിടമാണിത്.189 മീറ്റർ നീളവും 156 മീറ്റർ വീതിയും 48 മീറ്റർ ഉയരവുമുള്ള വമ്പൻ തിയറ്ററായിരുന്നു ഇത്.
റോമാ സംസ്കാരത്തിന്റെ പ്രതീകമായ കൊളോസിയത്തിന്റെ പാതി ഭാഗം മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളൂ.

4. <u>വിസ്മയം തീർത്ത വൻമതിൽ</u>

ഏതാണ്ട് 8,850 കിലോമീറ്റർ



നീളം,30 അടി ഉയരം,180 മീറ്റർ ഇടവിട്ട് കാവൽ ഗോപുരങ്ങൾ .മുകൾഭാഗത്ത് റോഡ്. മധ്യകാലത്തെയും ആധുനിക കാലത്തെയും അദ്ഭുതങ്ങളിൽ സ്ഥാനം നേടിയ മനുഷ്യ നിർമ്മിതിയാണിത്,ചൈനയിലെ വൻ മതിൽ.ബി.സി 210-ൽ മതിലിന്റെ പണി ആരംഭിച്ച രാജാവ് (ഷി ഹ്വാങ്ങ് തീ)അന്തരിച്ചു.പക്ഷേ മതിലിന്റെ പണി തീർന്നിരുന്നില്ല. പിന്നീട് വന്ന ഭരണാധികാരികളിൽ പലരും മതിലിന്റെ നീളം കൂട്ടി.



5. ലോകത്തെ കൊതിപ്പിച്ച താജ് മഹൽ

ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ചരിത്ര സ്മാരകം, ഏറ്റവും സുന്ദരമായ ശവകുടീരം എന്നീ വിശേഷണങ്ങളെല്ലാം ഇണങ്ങുന്ന ഒരേയൊരു വിസ്മയമേയുള്ളൂ താജ്മഹൽ .വെണ്ണക്കല്ലിൽ കൊത്തിയെടുത്ത ഈ അദ്ഭുതം തലമുറകളെ കൊതിപ്പിച്ചും വിസ്മയിപ്പിച്ചും തലയുയർത്തി നിൽക്കുന്നു.ഷാജഹാൻ ചക്രവർത്തി തന്റെ പ്രിയ പത്നി മുംതാസ് മഹലിന്റെ ഓർമ്മയ്ക്കായ് നിർമ്മിച്ചതാണ് ഈ വെണ്ണക്കൽ മന്ദിരം.
1631-ൽ ആണ് താജ് മഹലിന്റെ പണിതുടങ്ങിയത്.

6. മലമുകളിലെ ദൈവം

റിയോ ഡി ജനീറോ നഗരത്തിന്റെ അടയാളമായി മാറിയ ഒരു പ്രതിമയുണ്ട്.കൈകൾ വിരിച്ച് നിൽക്കുന്ന യേശു ക്രിസ്തുവിന്റെ വലിയ പ്രതിമ.ബ്രസീലിന്റെ തലസ്ഥാന നഗരിയിൽ കോർക്കോവാഡോ മല മുകളിൽ സ്ഥിതി



ചെയ്യുന്ന ക്രൈസ്റ്റ് ദ് റെഡീമർ ആണത്.1931-ൽ പൂർത്തിയായ ഈ പ്രതിമയുടെ ഉയരം 30 മീറ്റർ ആണ്.1930-കളിൽ പടിഞ്ഞാറൻ യൂറോപ്പിലും അമേരിക്കയിലും വ്യാപകമായ ആർട്ട് ഡെക്കോ ശൈലിയിലുള്ള ലോകത്തിലുള്ള ഏറ്റവും വലിയ പ്രതിമയാണിത്.

7. നഷ്ടപ്പെട്ട നിഗൂഢ നഗരം



നൂറ്റാണ്ടുകൾക്ക് മുമ്പ് ഇരുമ്പോ ഉരുക്കോ ചക്രങ്ങളോ പോലും ഉപയോഗിച്ച് തുടങ്ങാത്ത ഒരു ജനത കാടിനുള്ളിൽ, സമുദ്ര നിരപ്പിൽ നിന്നും 610 മീറ്റർ ഉയരേ ഒരു നഗരം പണിയുക. അതും മികച്ച രീതിയിൽ രൂപകൽപ്പന ചെയ്ത നഗരം. പെറുവിലെ ഇൻക സാമ്രാജ്യത്തിന്റെ അടയാളമായി അവശേഷിക്കുന്ന മാച്ചു പീക്ച്ചു നഗരമാണ് ഇങ്ങനെ ആധുനിക മനുഷ്യനെ അദ്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

# സുഹൃത്ത്



അവൾ എന്റെ സുഹൃത്തായിരുന്നു....
ഗ്രാമീണത തുടിക്കുന്ന എന്റെ സുഹൃത്ത്....
നാടൻ പാട്ടിന്റെ കൈത്താളങ്ങളും
നാണം കുണിങ്ങിയ പുഞ്ചിരിയും
ഇഴുകി ചേർന്ന സുഹൃത്ത്.
ഒരു ദിവസത്തെ പരിചയത്തിൽ
ഒരുപാടടുത്ത സുഹൃത്ത്.

അശ്വതി ശിവദാസൻ

## SMART



സ്മാർട്ടാവാം ശരീരത്തിനും മനസ്സിനും ബുദ്ധിക്കും വികാസവും ഉന്മേഷവും ഉണ്ടാക്കാം. **Smart** എന്ന സമവാക്യത്തിയൂടെ.

S=spiritual

ആത്മീയതയും ധാർമ്മികതയും ആവശ്യമാണ്. നന്മ പ്രവർത്തിക്കുകയും തിന്മയെ പ്രതിരോധിക്കുകയും സത്യവും സമത്വവും സഹിഷ്ണതയും ശീലമാക്കുക.

M= Mental Health

വീടിനകത്ത് ഗെയിമിൽ മുഴുകുന്ന കുട്ടിയുടെ മാനസിക വളർച്ച മുരടിക്കും. കൂട്ടുകാരോടൊത്ത് കളിക്കുന്ന കുട്ടി അവനറിയാതെ തന്നെ Attitude, Goal setting, Planning,Team Working, Leadership ഇടങ്ങിയ ഗുണങ്ങൾ കരസ്ഥമാക്കും.

A=Aptitude

ലോകത്ത് വ്യത്യസ്ത മേഖലയിൽ പ്രഗത്ഭരായവർക്കും വലിയ മാർക്ക് നേടിയവർ മാത്രമല്ല. അവരുടെ ബഹുമുഖ ബുദ്ധിയാൽ ഏതെങ്കിലും ഒന്നിൽ കൂടുതൽ സമയം കണ്ടെത്തുകയോ പരീശീലനം നേടുകയോ ഉണ്ടാവും. പ്രസംഗം, എഴുത്ത് ഗാനം, ചിത്രം, കൃഷി, സാമൂഹിക പ്രവർത്തനം, ശാസ്ത്രഗവേഷണം തുടങ്ങിയ മേഖലകളിലേക്ക് അഭിരുചിക്കനുസരിച്ച് എത്തിപ്പെടാൻ കഴിയണം.

R=RELATIONSHIP

മാതാപിതാക്കൾ, അധ്യാപകർ, ബന്ധുമിത്രാദികൾ, അയൽക്കാർ, സമൂഹത്തിൽ സഹവസിക്കുന്നവർ എന്നിവരോട് നല്ല ബന്ധം സ്ഥാപിക്കാനും സംസാരിക്കാനും സമയം കണ്ടെത്തണം. വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കാനും കുടുംബബന്ധങ്ങൾ ഊട്ടി ഉറപ്പിക്കാനും സാമൂഹികബോധം വളർത്താനും കടമ മനസ്സിലാക്കാനും

ഇത് കാരണമാകും.

T= TOUR

കലാലയങ്ങളിൽ നിന്നു മാത്രമല്ല മാതാപിതാക്കളുടെ ഒപ്പവും വിനോദയാത്ര പോകണം. കുട്ടികൾ രക്ഷിതാക്കളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാനും തുറന്ന് സംസാരിക്കാനും സമയം ലഭിക്കും. പഠനം കൂടി ലഭിക്കുന്ന സ്ഥലമാണെങ്കിൽ അവരുടെ വിദ്യഭ്യാസ പുരോഗതിക്ക് സഹായകമാകും.

SMART എന്ന പഞ്ചതന്ത്രം ഏവരും ശീലമാക്കുക.

റഷീദ് അധ്യാപകൻ

# വീണു കിട്ടിയ മുതൽ

ഒരിടത്ത് ഹാഷിം എന്ന പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൻ സ്കൂൾ വിട്ട് വരുന്ന വഴി റോഡിൽ 500 രൂപ കണ്ടു. അവൻ അത് എടുത്തു. അപ്പോൾ അവന്റെ കൂട്ടുകാരൻ മുഹമ്മദ് പറഞ്ഞു "എടാ നമുക്ക് ഈ കാശു കൊണ്ട് എന്തെല്ലാം ചെയ്യാം. വാ, കടയ്ക്ക് പോകാം, ഭക്ഷണം കഴിച്ചിട്ട് ബാക്കിയ്ക്ക് സാധനങ്ങൾ വാങ്ങാം" അപ്പോൾ ഹാഷിം പറഞ്ഞു "വേണ്ട. എന്റെ  ഉപ്പ എന്നോട് പറഞ്ഞിട്ടുണ്ട്. അന്യന്റെ മുതൽ എടുക്കരുതെന്ന്. നമുക്ക് ഇത് പാവങ്ങൾക്ക് കൊടുക്കാം. അപ്പോൾ ഒരു ചെറുപ്പകാരൻ കരഞ്ഞ് കൊണ്ട് അലയുന്നത് കണ്ടു. അയാൾ ഇവരോട് ചോദിച്ചു "എന്റെ 500 രൂപ പോയി. ഒന്ന് തിരഞ്ഞ് നോക്ക് മക്കളെ. എനിക്ക് ആകെയുള്ള ഒരു മുതലാണ്" അയാൾ കരഞ്ഞുകൊണ്ട് പറഞ്ഞു. അപ്പോൾ ഹാഷിം ആ കാശ് കൊടുത്തു "ഇതാ നിങ്ങളുടെ കാശ്" അയാൾ പറഞ്ഞു "നിങ്ങളെ അല്ലാഹു അനുഗ്രഹിക്കട്ടെ".

# പൂച്ചയുടെ തന്ത്രം



ഒരു കാട്ടിൽ ഒരു പൂച്ച ജീവിച്ചിരുന്നു. ഒരു ദിവസം ആ കാട്ടിലേക്ക് ഒരു കുറുക്കൻ വന്നു. ആ കുറുക്കന്റെ കൈയ്യിൽ ഒരു സഞ്ചി ഉണ്ടായിരുന്നു. അങ്ങനെ പൂച്ചയും കുറുക്കനും കണ്ടുമുട്ടി. അവർ പരിചയപ്പെട്ടു. കുറുക്കൻ പൂച്ചയോട് പറഞ്ഞു. "ഈ സഞ്ചിയിൽ നിറയെ സൂത്രമാണ്". പൂച്ചഞെട്ടി. "ങേ! സൂത്രമോ?". "അതെ സൂത്രം "കുറുക്കൻ പറഞ്ഞു. പൂച്ചയുടെ ജിജ്ഞാസ അടക്കാൻ സാധിച്ചില്ല. പൂച്ച വീണ്ടും ചോദിച്ച നിനക്കെവിടെ നിന്നാണ് ഇത് കിട്ടിയത്. കുറുക്കൻ മനസ്സിൽ ചിന്തിച്ചു. 'മണ്ടൻ ഞാൻ പറഞ്ഞതെല്ലാം വിശ്വസിച്ചു. ഇന്നിവനെ തട്ടീട്ട് തന്നെ കാര്യം'."അതൊക്കെ ഞാൻ പറഞ്ഞു തരാം പക്ഷെ നീ എന്റെ കൂടെ വരണം"."പിന്നെന്താ" പൂച്ച പറഞ്ഞു. അപ്പോഴാണ് ആ വഴി ഒരു വേടൻ വന്നത്. അവർ രണ്ടു പേരും പകച്ചുപോയി. പൂച്ച പെട്ടെന്ന് തന്നെ അടുത്തു കണ്ട ഒരു മരത്തിലേക്ക് ഓടിക്കയറി എന്നാൽ കുറുക്കൻ ഓടാൻ തുടങ്ങുന്നതിന്ന് മുമ്പ് തന്നെ വേടന്റെ വലയിൽ അകപ്പെട്ടു. കുറുക്കൻ പേടിച്ച് നിലവിളിക്കാൻ തുടങ്ങി അപ്പോൾ മരത്തിൽ നിന്ന് പൂച്ച വിളിച്ച് പറഞ്ഞു ഒരു സഞ്ചി നിറയെ സൂത്രമുണ്ടായിട്ടും നീ പെട്ടു. എന്നാൽ ഒരു സൂത്രം കൊണ്ട് ഞാൻ രക്ഷപ്പെട്ടു.

-അഞ്ജന ബാബു

# താക്കോൽ



വിളമ്പുന്ന വയറിനും
വെള്ളമൂറുന്ന നാവിനും
മധുരമേ നീ താക്കോൽ

# യാത്ര

നിഴലിനെ പേടിച്ച ഭീരുവിനെ പോലെ രാത്രി.

ഇരുളിന്റെ കോണുകളിലൂടെ പാഞ്ഞു വരികയാണ് കാലൻ.

കോഴി കൂക്ക വിളി, മരണം വരുകയാണ് കുത്തിയൊലിക്കുന്ന

പുഴയെ പോലെ, ശക്തമായി വീശുന്ന കാറ്റിനെ പോലെ,

അവന്റെ ഹൃദയത്തിനു വേഗത കൂടി ഒരു നിമഷം വിറകു-

കൊള്ളിയിൽ അലിഞ്ഞു ചേർന്ന അവൻ ശാന്തമായി.

അവന്റെ ചിതാഭസ്മം ഒഴുക്കിവിട്ട പുഴക്ക് വേഗത കൂടി .

# പുലരി



ദൂരെ നിന്നൊരു തെന്നെൽ അടുത്തെത്തുന്നു.
തണുത്ത ആ തെന്നൽ പുലരിയിൽ എന്റെ
രോമങ്ങളെ ഉണർത്തുന്നു. എന്നെയുണർത്താൻ
ഗാനങ്ങളുമായി പക്ഷികളെത്തുന്നു. കാതുകളി
ലൂടെ ആ ശബ്ദഘോഷം നുഴഞ്ഞുകയറുന്നു.
അവർ എന്നെ ഉണർത്തുന്നു. ഉണരുമ്പോൾ
എന്റെ ദിനം നന്നാകാൻ വേണ്ടി പുഞ്ചിരിച്ച
മുഖവുമായി കുളി കഴിഞ്ഞ് പൊട്ടുതൊട്ട്
തണുത്ത തെന്നലിൽ ആടിയുലഞ്ഞ് മലരുകൾ
നിൽക്കുന്നു.തന്റെമേനി അതിസുന്ദരമാക്കി
അവളും എന്റെ മനസ്സുണർത്തുന്നു.മൃദുലമായ
ചുവപ്പാർന്ന ചുണ്ടുകളാൽ എന്നെ
ചുംബിച്ച് വെയിലോടെ അരുണനമെത്തുന്നു .
എല്ലാ പുലരിയും അത്രമേൽ രമണീയമാകുമ്പോൾ
ജീവിതം സന്തോഷത്തിന്റെ പടിമേൽ നിൽക്കുന്നു


- രഹന.എ



# പൂമ്പാറ്റ

നിറമുള്ള പൂമ്പാറ്റേ, ഭംഗിയുള്ള പൂമ്പാറ്റേ,
ആരു നിനക്കീ ഭംഗി നൽകി ?
പൂക്കളിൽ തേൻ കുടിക്കാൻ എത്തുന്ന പൂമ്പാറ്റേ,
നിന്റെ ചിറകുകൾ എത്ര മനോഹരം.
പല വർണ്ണങ്ങളായി നിന്റെ ചിറകുകൾ
എന്തൊരു ഭംഗി നിന്നെ കാണാൻ.
പൂക്കളിൽ ഇരിക്കണ ചങ്ങാതി,
തേൻ നുകരുന്നൊരു ചങ്ങാതി,
കുഞ്ഞികണ്ണും കുഞ്ഞിചിറകും
ചന്തമുള്ളൊരു ചങ്ങാതി

-ശ്രീദുർഗ




# പ്രവാസി

തൻ കുടുംബത്തെ പോറ്റുവാൻ
ചെറുപ്പത്തിൽ ഭാരം ഏറ്റുവാങ്ങിയവനാണ് പ്രവാസി
ജീവിതമാകുന്ന പ്രാരാബ്ദത്തെ
നെഞ്ചിലേറ്റി കടലു കടന്നവനാണ് പ്രവാസി
തൻ കുടുംബത്തിന് തണലേകുവാൻ എല്ലാം
വെടിഞ്ഞവനാണ് പ്രവാസി
തൻെറ കുടുംബത്തിന് രക്ഷയാകാൻ
രാപകൽ മറന്നനാണ് പ്രവാസി

അസ്രി

# പ്രഭാത കിരണങ്ങൾ



പുലരിയുടെ പകലിനെ
ഞാൻ വിസ്മയിച്ചുപോയി
പുലരിയുടെ കിളിനാദത്താൽ
ഓരോ ചുവടുവെപ്പും ഞാൻ
പ്രഭാതം ക്ഷീരം പോലെ
വെട്ടി തിളങ്ങുന്ന
സൂര്യ പ്രകാശത്താൽ കലാപമിട്ട-
പോലെ തിളങ്ങുന്നു; നെൽകതിരുകൾ
പ്രകൃതിയുടെ അമ്മയെ നാം
പ്രകൃതിയിലൂടെ തന്നെ തിരിച്ചറിയുന്നു
പ്രകൃതി മാതാവേ നീ ദൈവമാണ്
ഓരോ തിരിച്ചറിവിന്റെയും നിമിഷമാണ്.

ഷഹന-എ

# പ്രളയ ഭൂമി



ജീവനാണ് നമ്മുടെ എല്ലാമെല്ലാം. കോരിചൊരിയുന്ന പേമാരിയിൽ എല്ലാം നഷ്ടപ്പെടുമെന്ന ആശങ്കയിൽ പേടിച്ച് വിറച്ചിരിക്കുന്ന ഓരോ മനസ്സും പുഴകളും തോടുകളും നിറഞ്ഞൊഴുകുന്നു. ജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുന്നു. എന്തുചെയ്യണമെന്നറിയാതെ എല്ലാവരും നെട്ടോട്ടമോടുന്നു. എല്ലാം നഷ്ടപ്പെട്ടവർ അനേകർ ,പാതി നശിച്ചവർ അനേകർ. രക്ഷകാത്ത് ആയിരങ്ങൾ അലയുന്നു.ദുരിതമൊപ്പാൻ ആശ്വസ പ്രവാഹങ്ങൾ അനേകം. എങ്കിലും എല്ലാം നഷ്ടപ്പെട്ടതിന്റെ വേദന മറക്കുമോ മനുഷ്യനുള്ള കാലം. എന്നിരുന്നാലും അതിജീവിക്കാം നമുക്കീ പ്രളയ ഭൂമിയിൽ ഒറ്റക്കെട്ടായി.

ഡോണ പോൾ

# പ്രളയം

## ഭയപ്പെടേണ്ട യാഥാർഥ്യം

പ്രളയാനന്തര കേരളത്തിൽ മണ്ണിനുണ്ടാകുന്ന മാറ്റങ്ങളും പ്രാണികൾക്കുണ്ടാകുന്ന ജീവനാശവും വലിയ ആശങ്കകൾ സ്രിഷ്ടിച്ചിരിക്കുകയാണ്. മഴ മാറിയതോടുകൂടി പൊടുന്നനെ ചൂടുയരുന്നു.

എല്ലാം തകർത്തൊഴുകിയ പുഴകൾ മെലിയാൻ തുടങ്ങുന്നു. മണ്ണിരകൾ ഉൾപ്പെടെയുള്ള മണ്ണിനടിയിൽ കഴിയുന്ന ജീവികൾ കൂട്ടത്തോടെ ചാകുന്നു. പലയിടത്തും മണ്ണിൽ വലിയ വിള്ളലുകൾ വീഴുന്നു. കിണറുകൾ ഇടിഞ്ഞുതാഴുന്നു. വെള്ളമിറങ്ങിയ വയലുകൾ കൃഷി അസാധ്യമാക്കിക്കൊണ്ട് വരണ്ടു വിണ്ടുകീറുന്നു.

കാലാവസ്ഥാവ്യതിയാനം,ഭയപ്പെടേണ്ട യാഥാർത്ഥ്യമായി മുന്നിൽ നിൽക്കുകയാണെന്ന് സാമാന്യജനങ്ങളെപ്പോലും ബോധ്യപ്പെടുത്തുകയാണ് ഈ പരിവർത്തനങ്ങൾ. ആശങ്കപ്പെടാനൊന്നുമില്ലെന്ന് ശാസ്ത്രജ്ഞരും ഭരണാധികാരികളും പറയുമ്പോഴും നാട്ടറിവിന്റെയും അനുഭവസമ്പത്തിന്റെയും തെളിച്ചമുള്ള സാധാരണക്കാർ, അവരുടെ നിത്യജീവിതത്തിന്റെ ആധാരമായ മണ്ണിലുണ്ടാകുന്ന മാറ്റങ്ങളിൽ ഭയപ്പെടുന്നുണ്ട്.

ജൈവവൈവിധ്യത്തെയും ആവാസവ്യവസ്ഥകളെയും കാർഷികോത്പാദനത്തെയും മാത്രമല്ല, കുടിവെള്ളലഭ്യതയെപ്പോലും ബാധിക്കുന്ന പ്രളയാനന്തരമാറ്റങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് അപകടങ്ങൾ തടയാനും പ്രതിവിധികൾ നിർദേശിക്കാനും സർക്കാറിനു കീഴിലുള്ള ശാസ്ത്രസ്ഥാപനങ്ങൾക്കു ബാധ്യതയുണ്ട് പരിഹാരമാർഗങ്ങളാണ്, അഴകൊഴമ്പൻ ന്യായങ്ങളല്ല മണ്ണിനെ ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾക്കാവശ്യം.

മണ്ണ് ചുട്ടുപഴുക്കുന്ന പ്രതിഭാസം പ്രളയം ബാധിച്ച മിക്ക സ്ഥലങ്ങളിലും ഉണ്ട്.ചൂട് വർധിച്ചതോടെ മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നതുകൊണ്ടാണ് മണ്ണിരകളും മറ്റു സൂക്ഷ്മജീവികളും ചാകുന്നതെന്ന് ശാസ്ത്രജ്ഞർ പറയുന്നു. കൊടുംചൂടുണ്ടായ മുൻകാലങ്ങളിലൊന്നും ഇങ്ങനെ ഉണ്ടായിട്ടില്ലല്ലോ എന്ന മറുചോദ്യമാണ് കർഷകരും മണ്ണിൽ പണിയെടുക്കുന്നവരും ഉയർത്തുന്നത്. അതു തള്ളിക്കളയാനാവില്ല. പ്രളയത്തിലെ കുത്തൊഴുക്കുമൂലം മേൽ മണ്ണ് വൻതോതിൽ ഒലിച്ചുപ്പോയിട്ടുണ്ട്. ഭൂമിക്കുള്ളിലെ മണ്ണൊലിപ്പ്മൂലം ഉപരിതലത്തിൽ വിള്ളലുകലും വൻ കുഴികളും രൂപപ്പെടുന്നു. കാർഷികപ്രധാനമായ മലയോരജില്ലകളായ ഇടുക്കിയിലും വയനാട്ടിലുമാണ് ഇത് ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളത്. തുലാവർഷക്കാലത്ത് മണ്ണിടിച്ചിലും ഉരുൾപ്പൊട്ടലും ഉണ്ടാകാനുള്ള സാധ്യതയിലേക്കുകൂടി ഇതു വിരൽ ചൂണ്ടുന്നു.വിള്ളലുകളിലൂടെ ഭൂമിക്കുള്ളിലേക്കു വെള്ളമിറങ്ങിയാൽ ആ സാധ്യത വർധിക്കും. മണ്ണിലെ വൻ വലുപ്പത്തിലുള്ള വിള്ളലുകളും ഗർത്തങ്ങളും പല കൃഷിയിടങ്ങളെയും കൃഷിയോഗ്യമെല്ലാതാക്കിത്തീർത്തീട്ടുണ്ട്.ഭൂഘടനയിൽത്തന്നെയുണ്ടായ

മാറ്റം ജനജീവിതത്തെയും കാർഷികവ്യക്തിയെയും വിഷമകരമായാണ ബാധിക്കുക. ഇതിനുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്താനുള്ള കാലതാമസം സ്ഥിതി കൂടുതൽ വഷളാക്കുകയേയുള്ളൂ.

പെരുവെള്ളത്തിന്റെ ദുഃസ്വപ്നം മായുംമുമ്പേത്തന്നെ മറ്റൊരു അപകടത്തിന്റെ വക്കത്താണ് നാമെന്ന് മണ്ണിലെ മാറ്റങ്ങൾ സൂചിപ്പിക്കുന്നു-വരൾച്ച. കരകവിഞ്ഞൊഴുകി നാശംവിതച്ച നദികൾ മിക്കതും വറ്റിത്തുടങ്ങിയിയിരികുന്നു. നദീജലത്തിന്റെ താഴ്ച്ചയും കിണർവറ്റലും കുടിവെള്ളക്ഷാമത്തിന്റെ സാധ്യതകൂടി പ്രവചിക്കുന്നുണ്ട്.

വരാനിരിക്കുന്ന തുലാവർഷക്കാലത്തെ അപകടസാധ്യതകളെ പോലെ വരൾച്ചയുടെ സാധ്യതകളെയും നേരിടാനുള്ള കരുതൽ പ്രകടിപ്പിച്ചില്ലെങ്കിൽ പ്രളയാനന്തര ഫലങ്ങൾ കൂടുതൽ രൂക്ഷമാകും. പുനർനിർമാണത്തിനും പുനരധിവാസത്തിനുമുള്ള ഊന്നലിനിടയിൽ പ്രകൃതിയും അതിജീവനുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങൾക്കു വേണ്ടത്ര ശ്രദ്ധകിട്ടാതെ പോകരുത്. മണ്ണിലെ മാറ്റങ്ങളെ അപകട സൂചനകളായിക്കണ്ട് ജാഗ്രതയുള്ള സമീപനമാണ് സർക്കാരും ശാസ്ത്രസമൂഹവും ജനങ്ങളും കൈക്കൊള്ളേണ്ടത്. പ്രളയക്കെടുതിയിൽ നിന്നു കരകയറി ഇങ്ങനെയെങ്കിലും ജീവിതം പച്ചപിടിപ്പിക്കാനുള്ള തത്രപ്പാടിൽ പ്രകൃതിക്കു വിരുദ്ധമായ ആവാസസമ്പ്രദായങ്ങളും നിർമാണരീതികളും വീണ്ടുംആരംഭിച്ചാൽ,മുടിയുക മനുഷ്യാനുകൂലമായ വികസനവും ജീവിതവികാസമായിരിക്കും. പ്രളയാനന്തരം മണ്ണിലും സസ്യ-ജന്തുപ്രകൃതിയിലുമുണ്ടായിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവിയെ നേരിടുന്ന ഒരു ജൈവ സമീപനരേഖകൂടി നവകേരളനിർമിതിക്ക് ആവശ്യം.



# മഴ

ചിരിക്കുന്ന മേഘങ്ങളെക്കാൾ
എനിക്കിഷ്ടം കരയുന്ന
മേഘങ്ങളാണ്.
ഈ ചൂടിൽ കരയുന്ന
മേഘങ്ങൾ
അപൂർവമാണെന്നെനിക്കറിയാം.
എങ്കിലും, ഞാൻ
ആഗ്രഹിച്ചുപോവുകയാണ്
കരയുന്ന മേഘങ്ങളെ കാണാൻ.

-രഹിത.ആർ

# തെരുവിൽ ഒരമ്മ



ടിങ്, ടിങ് സൈക്കിൾ ബെല്ലടി കേട്ട് ദേവുഅമ്മ വരാന്തയിലേക്ക് ഓടിയെത്തി. പോസ്റ്റ്മാൻ രാഘവനെ കണ്ടപ്പോൾ ദേവുഅമ്മയ്ക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി.

"എനിക്ക് വല്ല കത്തുണ്ടോ രാഘവാ...?" അക്ഷമയോടെ ദേവുഅമ്മ ചോദിച്ചു. "തിടുക്കം വെക്കാതെ ദേവുഅമ്മേ ഞാനൊന്നു നോക്കട്ടെ." "വേഗമാവട്ടെ രാഘവാ.... "ദേവുഅമ്മയുടെ അക്ഷമ വർധിച്ചു. "ദാ കിട്ടിയല്ലൊ ദേവുഅമ്മയ്ക്കുള്ള കത്ത്. ഇവിടെ ഒരൊപ്പിട് ദേവുഅമ്മെ."
തിടുക്കത്തിൽ ഒപ്പിട്ട് ദേവു അമ്മ കത്ത് പിടിങ്ങിവാങ്ങി. നനവില്ലാത്ത ചുണ്ടിൽ പുഞ്ചിരി വിരിച്ച്, ചുക്കി ചുളിഞ്ഞ കൈകൊണ്ട് ദേവുഅമ്മ കത്ത് തുറന്ന് വായിക്കാൻ തുടങ്ങി.

20.01.2018
ഞായർ

പ്രിയപ്പെട്ട അമ്മക്ക്....

അമ്മക്ക് സുഖമാണോ,എനിക്കും ഗീതക്കും കുട്ടികൾക്കും സുഖം തന്നെ, അമ്മ മരുന്നൊക്കെ കൃത്യമായി കഴിക്കുന്നുണ്ടെന്ന് വിചാരിക്കുന്നു. ഇന്നലെ ആശുപത്രിയിലേക്ക് പോയോ, ഡോക്ടർ എന്തുപറ-

ഞ്ഞു ? ഇപ്പൊ അമ്മക്ക് കുഴപ്പൊന്നുമില്ലല്ലോ ?
ഒരു പ്രധാനപ്പെട്ട കാര്യം പറയാനായിട്ടാണ് ഞാനിപ്പൊ ഈ കത്തെഴുതുന്നത്. ഗീതയ്ക്കും ഇവിടെ തരക്കേടില്ലാത്ത ഒരു ജോലി ശരിയായിട്ടുണ്ട്. അതു-കൊണ്ട് ഞങ്ങൾ ഇവിടെ തന്നെ സ്ഥിരതാമസമാ-ക്കാൻ തീരുമാനിച്ചു. അവിടെ വന്നിട്ട് അല്ലെങ്കിലും പ്രയോജനമൊന്നുമില്ലല്ലോ. പിന്നെ നമ്മുടെ തറവാട് വാങ്ങിക്കാൻ നാളെ കുറച്ച് ആളുകൾ വരും. അമ്മക്ക് മാത്രമായിട്ടെന്തിനാ ആ വീടങ്ങനെ നശിപ്പിക്കുന്നത്. ആർക്കെങ്കിലും കൊടുത്താൽ കുറച്ച് കാശെങ്കിലും കിട്ടും. അടുത്തുള്ള വൃദ്ധസദനത്തിൽ ഞാൻ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. നാളെ അവർ വന്നാൽ ഒപ്പിട്ട് കൊടുത്തിട്ട് അമ്മ അങ്ങോട്ട് പൊയ്ക്കോ, അമ്മ-ക്ക് വേണ്ട കാശ് ഞാൻ എത്തിക്കാം.

എന്ന് ചന്ദ്രൻ

ആ അമ്മ ഒരു നിമിഷത്തേക്ക് നിശ്ചലയായി. പിന്നെ തനിച്ച് ഏകാന്തതയുടെ തെരുവുകളിലേക്ക് നടന്നു നീങ്ങി. കൂട്ടിന് ആരുടേയൊക്കെയോ പിൻ വിളിയും പ്രതീക്ഷിച്ച്......

-റിസ്വാന. എം

# വഴിയാധാരം



നോക്കി നിൽക്കെയാണ് വെള്ളം പൊങ്ങുന്നത് ............ “അത്യാവശ്യമുള്ളതും വില പിടിപ്പുള്ളതും എടുത്ത് വേഗം റെഡിയായിക്കോ. തോണി ഉടനെ എത്തും".അയാൾ ഭാര്യയോടും മക്കളോടും പറഞ്ഞു.

കുന്നിൻ മുകളിലെ സർക്കാർ സ്കൂളിലാണ് ദുരിതാശ്വാസ ക്യാമ്പ്. അയാൾ അലമാര തുറന്ന്, കുറച്ച് നോട്ടുകളും ഒരു ലോട്ടറി ടിക്കറ്റും എടുത്ത് കീശയിലിട്ടു............

ഭാര്യ തിരക്കിട്ട് വന്ന് അയാളെ തള്ളിമാറ്റി, കുറച്ച് സ്വർണ്ണവും രണ്ട് മൂന്ന് ഫാൻസി സാരിയും എടുത്ത് പ്ലാസ്റ്റിക്ക് സഞ്ചിയിലിട്ടു.

മക്കൾ സ്കൂൾബാഗ് തുറന്ന് പുസ്തകങ്ങൾ കുടഞ്ഞിട്ടു. മകൻ തന്റെ മൊബൈൽ ഫോൺ, ചാർജർ, ഷൂസ്, ജീൻസ്, ടീ ഷർട്ട് എന്നിവ നിറച്ച ബാഗ് തോളിൽ തൂക്കി.

മകൾ തന്റെ മേയ്ക്കപ്പ് ബോക്സ്, പുതിയ ഡ്രസ്സ്, മാച്ചിങ് ആഭരണങ്ങൾ, എല്ലാം ബാഗിൽ ഭദ്രമാക്കി വെച്ചു.

അയാൾ വരാന്തയുടെ അറ്റത്തുള്ള കുടുസ്സു മുറിയിലേക്ക് കടന്നു. വെയിൽ പോയതും മഴ വന്നതും അറിയാതെ കട്ടിലിൽ കിടക്കുന്ന പ്രതിമയെ എടുത്ത് നിലത്ത് കിടത്തി.

പിന്നെ, തലയിണക്കുള്ളിലും കട്ടിലിനടിയിലും




മരപ്പെട്ടിയില്യ- മൊക്കെ വീണ്ടും വീണ്ടും പരതി.

"എന്നാലും ഈ തള്ള ആ ആധാരക്കെട്ട് എവിടെയാണോ കൊണ്ടു വെച്ചത് ?".അയാൾ പിറുപിറുത്തു. പുറത്ത് 'കാല വർഷം' കലിതുള്ളിക്കൊണ്ടെയിരുന്നു.........

**-വത്സ മാത്യു**

# പരീക്ഷാച്ചൂട്



-ഷാഹിന.പി.എസ്

പ്രകൃതിയാകെ വേനൽച്ചൂടിലായ്,
ഭൂലോകമാകെ അക്രമച്ചൂടിലായ്,
വിജ്ഞാനമാകെ വ്യാപാരച്ചൂടിലായ്,
വിദ്യാർഥികളൊട്ടാകെ മത്സരച്ചൂടിലായ്,

പരീക്ഷാ തലേന്ന് നെട്ടോട്ടമോടലായ്,
പുസ്തകമൊട്ടാകെ മാറിമറിയലായ്,
പേനയും പേപ്പറും കുന്നുകൂടലായ്,
ചൂടോടെ നേരുന്ന വിജയാശംസകൾ.

പേടിയേറിയവർ കാൽമുട്ടിടിക്കുന്നു,
ഉത്തരം മുട്ടി അവർ തലവട്ടത്തിരിക്കുന്നു,
പെട്ടന്ന് കേൾക്കുന്ന അവസാനമണിയടി,
ഉത്തരക്കടലാസു കിട്ടുമ്പോൾ വലിയവട്ടം!

വീട്ടിലെത്തിയ്യവന്റമ്മ ചോദിക്കുന്നു
പുന്നാരമോനിന്നെന്തു കിട്ടി?
ചൂരൽച്ചൂടറിഞ്ഞ അവൻ-
ബ്ബ ബ്ബ ബ്ബ പാടുന്നു
ഞാനാ അമ്മേ ലാസ്റ്റിൽ ഫസ്റ്റ്.

# പരൽപ്പേരുകൾ



സംഖ്യകളെ  അക്ഷരങ്ങൾ കൊണ്ടു സൂചിപ്പിക്കുന്ന സമ്പ്രദായം ലോകത്തിന്റെ പലഭാഗത്തും നിലനിന്നി-രുന്നു. ശാസ്ത്രഗ്രന്ഥങ്ങളെ സൂത്രങ്ങളാക്കിയെഴുതാൻ ഈ രീതി പ്രയോജനപ്പെട്ടു. കേരളത്തിൽ നിലനിന്നിരുന്ന അക്ഷരസംഖ്യാരീതിയാണ് പരൽപ്പേരുകൾ. ഇതിലെ സംഖ്യാവ്യവസ്ഥ ഇങ്ങനെയാണ്.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ , റ |

സ്വരങ്ങളെല്ലാം ശൂന്യത്തെക്കാണിക്കും.

കൂട്ടക്ഷരങ്ങളിൽ അവസാനത്തെ വ്യഞ്ജനം പ്രധാനം. ഉദാ:ക്യ=1 “അങ്കാനാം വാമതോ ഗതി:” എന്നാണ് നിയമം. അതായത് സംഖ്യകളെ ഇടത്തുനിന്നും വായിക്കണം. ഉദാ:രവി=ര=2 വ=4

രവി=42 എന്നിങ്ങനെ.

പഴയകാലത്തെഗ്രന്ഥങ്ങളിൽ ഈ സങ്കേതം ധാരാളമായി ഉപയോഗിചിരുന്നു. ഈ സംഖ്യാന രീതി അറിയാത്തതുകൊണ്ടുതന്നെ പലഗ്രന്ഥങ്ങളുടേയും വ്യാഖ്യാനം പ്രയാസമായിത്തീർന്നു. എന്നാൽ പലഗ്രന്ഥങ്ങളുടേയും രചനാകാലം കണ്ടു പിടിക്കാൻ ഈ സംവിധാനം സഹാകം. “നാരായണീയത്തിലെ അവസാന പദം ആയുരാരോഗ്യസൗഖ്യം" ആ=0 യു=1 രാ=2 രോ=2 ഗ്യ=1 സൗ=7 ഖ്യം=1 തിരിച്ചിട്ടാൽ “1712210”-ഇതാണ് ഗ്രന്ഥമെഴുതിത്തീർന്ന കലിദിനസംഖ്യ ഇതിനെ 365 കാൽ കൊണ്ടു ഹരിച്ചാൽ, കലി-വർഷം 4687 വർഷം 9ാംസം എന്നുകിട്ടും. കലിവർഷം 3926-ൽ ആണ് കൊല്ലവർഷം തുടങ്ങിയത്.

അതു കുറചാൽ 761 മേടം തുടങ്ങി 9 മാസം എന്നുകിട്ടും-അതായത് 762 വൃശ്ചികം-ധനു എന്നുകിട്ടും.

*–ജയരാമൻ സർ*

# പ്രതിബന്ധങ്ങളെ തരണം ചെയ്ത 'നിക്ക് വുജിസിക്ക് '



നിക്ക് വുജിസിക്ക്, ജന്മനാ രണ്ട് കൈകളും രണ്ട് കാലുകളും ഇല്ലാത്തവൻ. ആകെയുള്ള തന്റെ രണ്ട് വിരലുകളാൽ ബഹുദൂരം നീന്തുന്നവൻ. ഡ്രംസ് വായിക്കുന്നവൻ. ലോകമെമ്പാടും വിശ്വാസം നഷ്ടപ്പെട്ട് തളർന്നിരിക്കുന്നവർക്ക് ഊർജം നൽകുന്നവൻ. നിക്കോളാസ് ജെയിംസ് വുജിസിക്ക് എന്നാണ് അദ്ദേഹത്തിന്റെ പൂർണനാമം. ഓസ്ട്രേലിയയിൽ ജനനം പിറന്ന് വീണപ്പോൾ മാതാപിതാക്കൾ തന്റെ കുഞ്ഞിന്റെ രൂപം കണ്ട് ശരിക്കും ഞെട്ടി. കൈകളും കാലുകളും മുറിച്ച് മാറ്റപ്പെട്ടപ്പോലെ ഇടതു കാലിന്റെ സ്ഥാനത്ത് രണ്ട് വിരലുകൾ പോലെ, എന്തോ ഒന്ന് ഡോക്ടർ പറഞ്ഞു 'tetra Amelia syndrome' എന്ന അത്യപൂർവ്വമായ പ്രതിവിധിയില്ലാത്ത രോഗം. അവൻ എഴുതാൻ തന്റെ വിരലുകളെ വേദനിപ്പിച്ചെങ്കിലും അവൻ എഴുതി, വരച്ചു, നീന്താൻ പഠിച്ചു. പിന്നെ പിന്നെ ജീവിതം രസകരമായി നിക്കിന് തോന്നിതുടങ്ങി. ഗ്രീസ് യൂണിവേഴ്സിറ്റിയിൽ നിന്ന് കൊമേഴ്സിൽ ബിരുദമെടുത്ത്, നിക്ക് 'life without limbs ' എന്ന സംഘടന സ്ഥാപിച്ച്, ലോകമെമ്പാടും നിരവധി പേർക്ക് 'കാരുണ്യം' എന്ന പ്രകാശം വാരിവിതറുന്നു.

*-ജസ്ന. ഐ*

# മതലഹരി



പോയ് പോയ കാലങ്ങളിൽ
ഇല്ലാത്ത ലഹരി
വന്നണഞ്ഞു നമ്മുക്കിടയിൽ

മദ്യമായ് മരുന്നായ് നാരിയായ്
മദിച്ചുല്ലസിച്ച നടന്നതിലും
സുഖലോപമാണീ ലഹരി.
മദ്യപിച്ച തൻപത്നിയുടെ
മുടിക്കുത്തിൽ പിടിച്ചവനും
അമ്മയേതെന്നോ പെങ്ങളേതെന്നോ
വകതിരിവില്ലാതെ മരുന്നിനടിമയായ്
മടിശ്ശീലക്കുത്തഴിച്ച കാമഭ്രാന്തിനേയും
അരും കൊല ചെയ്തവന്റെ
മസ്തിഷ്കത്തിൽ ഇരച്ച കയറുന്ന
രണത്തിൻ കാഠിന്യത്തിനേയും
കവച്ച വെച്ചിന്നീ ലഹരി.
ലഹരിതൻ കീശ ശൂന്യമാക്കിയപ്പോഴും
ലഹരിയ്ക്കായ് പിച്ചതെണ്ടിയപ്പോഴും
വേരിറ്റ പോയില്ലവന്റെ നാടും വീടും.

മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന
ജന്മവേരിനെ പിഴുതെടുക്കുന്ന
മതലഹരിയേ...നിന്നോളം വരില്ലിന്നൊരു ലഹരിയും.

*ഷബാന,അധ്യാപിക*

# കലാമിന്റെ വാക്കുകൾ



ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം.
നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ്
യഥാർത്ഥ സ്വപ്നം.

സ്വപ്നം കാണുക
ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക
ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക.

എല്ലാവരും ഒരുപോലെ കഴിവുള്ളവരാകണമെന്നില്ല.
എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള
അവസരം ഏവർക്കും ഒരുപോലെയാണ്.

കഷ്ടപ്പാടുകളും ദുരന്തങ്ങളുമുണ്ടാകുമ്പോൾ
മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന ആളാണ്
യഥാർത്ഥ നേതാവ്.

നിങ്ങൾ ചിറകുകളോടെ ജനിച്ചവരാണ്.
അതിനാൽ ഇഴയരുത്,
ചിറകുകൾ ഉപയോഗിക്കുക,
പറക്കാൻ പഠിക്കുക.

ഒരു രാഷ്ട്രത്തിന്റെ നല്ല തലച്ചോറുകൾ
ഒരുപക്ഷേ ക്ലാസ്സ്മുറികളിലെ
അവസാന ബെഞ്ചുകളിലായിരിക്കും.

ഒരു വ്യക്തിയെ പരാജയപ്പെടുത്താൻ
വളരെ എളുപ്പമാണ്.
***അയാളെ വിജയിക്കുവാനാണ് പ്രയാസം.***

# മൈദ അപകടകാരിയോ?

എന്തു കഴിക്കുന്നു എന്നതിനേക്കാൾ പ്രധാനമാണ് നാം എന്തു കഴിക്കുന്നില്ല എന്നത്.നാക്കിന്റെ ആനന്ദത്തിനു വേണ്ടിയല്ല ശരീരത്തിന്റെ നിലനിൽപ്പിനു വേണ്ടിയായിരിക്കണം ഒരു വ്യക്തി ആഹാരം കഴിക്കേണ്ടത്.

രുചിയുടെ നിയന്ത്രണം സാധ്യമായാൽ മറ്റെല്ലാ ഇന്ദ്രിയങ്ങളും നമ്മുടെ നിയന്ത്രണത്തിൽ ആയിക്കൊള്ളും.ഇന്ദ്രിയങ്ങളെ തോൽപ്പിക്കുന്നവൻ യഥാർത്ഥത്തിൽ ലോകത്തെ തന്നെയാണ് കീഴടക്കുന്നത്.

രുചിയുടെ മേലുള്ള വ്യക്തമായ നിയന്ത്രണത്തിലൂടെ മാത്രമേ ശരിയായ ആരോഗ്യം സാദ്ധ്യമാവുകയുള്ളൂ.ശരിയായ ആരോഗ്യമില്ലാതെ ശരിയായ ആനന്ദം സാദ്ധ്യമല്ല.

തലവേദന മുതൽ ഹൃദ്രോഗം വരെയുള്ള എല്ലാ രോഗങ്ങൾക്കും കാരണം മലബന്ധമാണ്.മലബന്ധത്തിന് കാരണം മൈദയും.

ഗോതമ്പിന്റെ ഉമിമാറ്റി,തവിടുമാറ്റി നാരുള്ള അംശങ്ങളെല്ലാം മാറ്റി, ഭക്ഷ്യയോഗ്യമായ എല്ലാ ഭാഗങ്ങളും മാറ്റി ബാക്കിയാവുന്ന പൊടിയെടുത്ത് അതിലെ തരിയേയും പൊടിയേയും വേർതിരിച്ചെടുക്കുന്നു.ഇതു രണ്ടിനേയും ബെൻസോയിക് പെറോക്സൈഡ് ഉപയോഗിച്ച് ബ്ലീച്ച് ചെയ്യുന്നു.തരിയെ റവ എന്ന പേരിൽ കമ്പോളത്തിലെത്തിക്കുന്നു.പൊടിയെ അലോക്സൻ (alloxen)എന്ന കെമിക്കൽ ചേർത്ത് മൃദുവാക്കിയതാണ് മൈദ.വെളുത്ത ഭക്ഷണത്തോടുള്ള പ്രതിപത്തിയും,അമേരിക്കക്കാരന്റെ വാണിജ്യബുദ്ധിയും ചേരുമ്പോൾ മൈദ എന്ന അത്യപകടകരമായ സാധനം ഉണ്ടാവുകയും അത് ഇന്ത്യക്കാരെക്കൊണ്ട് തീറ്റിക്കുകയും

ചെയ്തു.ഇപ്പോൾ ഈ സാധനം ഉണ്ടാക്കുന്നത് വിദേശ കമ്പനിയായ വിദേശ സാങ്കേതിക കൗശലം ഉപയോഗിച്ച് ഇന്ത്യക്കാർ തന്നെയാണ് മൈദ ഉണ്ടാക്കുന്നത്.കാലാന്തരത്തിൽ ഇന്ത്യയിൽ മൈദ ജനകീയ ഭക്ഷണമായി മാറി പ്രത്യേകിച്ച് ബേക്കറി സാധനങ്ങളും പൊറോട്ടയും. മൈദ ഉണ്ടാക്കാനുള്ള അലോക്സൻ എന്താണ്?ബയോകെമിസ്ട്രി ലാബുകളോട് ബന്ധപ്പെട്ട് ഇൻസുലിൻ ടെസ്റ്റ് ചെയ്യാനായി വെള്ള എലിയെയും ഗിനിപ്പന്നിയെയും പരീക്ഷിക്കുമ്പോൾ ഈ മൃഗങ്ങൾക്ക് കുത്തിവെക്കുന്ന മരുന്നാണ് അലോക്സൻ.മൈദ ഭക്ഷണമായി അകത്തു ചെന്നാൽ പ്രമേഹമുണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.പ്രമേഹമുണ്ടാക്കിയെടുത്താൽ രക്തസമ്മർദ്ദം,കിഡ്നിക്കുണ്ടാകുന്ന കുഴപ്പം, ലിവറിനുണ്ടാകുന്ന കുഴപ്പം,ഹൃദ്രോഗം,ഗാങ്ഗ്രെയിൻ,റെറ്റിനോപ്പതി തുടങ്ങിയവയൊക്കെ താനേ ഉണ്ടാകും.ഇന്ത്യക്കാരന്റെ ആരോഗ്യവും സമ്പത്തും ക്ഷയിക്കും.മാത്രമല്ല ജീനിലൂടെ അടുത്ത തലമുറയിലേക്ക് പ്രമേഹത്തെ സംഭാവനയായി കൊടുക്കുകയും ചെയ്യും.മൈദ ജനകീയ ഭക്ഷണമായി മാറുമ്പോൾ മനുഷ്യരുടെയിടയിൽ പ്രമേഹവും രോഗങ്ങളും വളരെ കൂടുകയും ആശുപത്രിയെ ശരണം പ്രാപിക്കേണ്ടിവരികയും ചെയ്യും. ബേക്കറിയിലെ 100% വസ്തുക്കളും മൈദകൊണ്ട് ഉണ്ടാക്കുന്നവയാണ്.ബേക്കറിയിൽ നിന്നും വാങ്ങുന്ന മറ്റു വസ്തുക്കളിൽ ഭൂരിഭാഗവും ആരോഗ്യദായകമല്ലെങ്കിൽ അവ പൂർണ്ണമായും വർജ്ജിക്കേണ്ടതുണ്ട്.പകരം എന്ത് കൊടുക്കും?അമ്മമാരുടെ കുട്ടിക്കാലത്ത് വീട്ടിൽ പലതരം പലഹാരങ്ങൾ ഉണ്ടാക്കിയിരുന്നു.അവ വീണ്ടും വീട്ടിൽ ഉണ്ടാക്കണം.അതിനു സമയം ഉണ്ടാക്കണം.കുട്ടികൾക്ക് ആരോഗ്യം വേണമെന്ന് ആഗ്രഹമുണ്ടെങ്കിൽ നാടൻപലഹാരങ്ങളായ


# കണിക്കൊന്ന



ഒരലപ്പ,കൊഴുക്കട്ട,ഉണ്ണിയപ്പ,അരിമുറുക്ക,ഇലയട,വഴണയപ്പ,കുമ്പിളപ്പം,
ചക്കരവരട്ട,മാങ്ങവരട്ട,കുമ്പളംവരട്ട,മത്തങ്ങവരട്ട,പീട,പിടിയട,
അവലോസുണ്ട,അരിയുണ്ട,എള്ളുണ്ട,കടലയുണ്ട,ചിരട്ടപ്പുട്ട,നിലക്കടലപ്പുഴ
ക്ക,പയർപുഴുക്ക,അവലുണ്ട,പൊരിയുണ്ട,അവലുവറുത്തത,പണിയാരം
,അട,പരിപ്പടപത്തിര,ഇടിയപ്പ,ഉഴുന്നുവട,കുഴലപ്പ,മുളമകുറ്റിപ്പുട്ട,കൽത്ത
പ്പം,വട്ടയപ്പം,റാഗിപ്പുട്ട്,രാഗിക്കിളി,കുവരകിയത്,ചാമലഡു തുടങ്ങിയ
നാടൻ പലഹാരങ്ങൾ വീട്ടിലുണ്ടാക്കണം.ശരീരം ഉണ്ടായതും
കേടുപാടുകൾ തീർത്തു നിലനിൽക്കുന്നതും വായുവും ആഹാരവും
കൊണ്ടാണ്.അവശരാക്കിയാൽ ശരീരവും ആരോഗ്യവും
ഇല്ലാതാവുകയായി.സ്വന്തം ആരോഗ്യം നിലനിർത്താനുള്ള
ഉത്തരവാദിത്വം അവനവന്റേതാണ്.

കെ.സുരേന്ദ്രൻ

***കൊമേഴ്സ് അധ്യാപകൻ***




മഷിപ്പേനയിൽ തിരിച്ചുപോക്ക്:ഓരോ വീട്ടിൽ നിന്നും പ്രതിവർഷം നൂറുകണക്കിന് പ്ലാസ്റ്റിക്ക് പേനകളാണ് ഉപയോഗശേഷം മണ്ണിൽ നിക്ഷേപിക്കപ്പെടുന്നത്.പതിനായിരം വർഷങ്ങൾ എടുത്താലും അതിഞ്ഞുപോകാത്ത ഈ പേനകൾ മണ്ണിനെ ഇപ്പോൾ തന്നെ ശ്വാസം മുട്ടിച്ചു തുടങ്ങിയിരിക്കുന്നു.ജീവനുള്ള മണ്ണിന് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡ് വലിയൊരളവ് വരെ വലിച്ചെടുത്ത് ചൂട് കുറയ്ക്കാൻ കഴിയും.ഉപയോഗശേഷം കത്തിച്ചുകളയാം എന്നു തീരുമാനിക്കുകയാണെങ്കിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും വായു മലിനീകരണത്തിനും ആണ് നമ്മൾ വഴിവെയ്ക്കുക.പഴയ മഷിക്കുപ്പിയിലേക്കും പേനയിലേക്കും ഒരു തിരിച്ചുപോക്ക് ആലോചിച്ചുകൂടെ?

# ഞാൻ കൽപന



അമേരിക്കയുടെ ബഹിരാകാശ ഏജൻസിയായ 'നാസ' സന്ദർശിക്കാനെത്തിയതായിരുന്നു ഹരിയാനയിൽ നിന്നുള്ള ആ സ്കൂൾ കുട്ടികൾ.തങ്ങളുടെ നാട്ടിൽ ജനിച്ചുവളർന്ന ഒരു 'ദീദി' അവിടെ അവരെ സ്വീകരിക്കാനെത്തി.നാസയിലെ ഗവേഷകയായ കൽപന എന്നു പേരുള്ള ദീദി കുട്ടികൾക്കു നൽകിയ സന്ദേശം ഇതായിരുന്നു."നിങ്ങൾക്ക് ഇഷ്ടമുള്ളതൊക്കെ ചെയ്യുക.ചെയ്യുന്ന കാര്യങ്ങളിൽ പൂർണമായും സത്യസന്ധരായിരിക്കുക.സ്വപ്നങ്ങളുടെ പിന്നാലെ പോകുന്നവർ തീർച്ചയായും ലക്ഷ്യത്തിലെത്തിച്ചേരും.''

കുട്ടിക്കാലം മുതൽക്കേ പറക്കാൻ കൊതിച്ച് ഒടുവിൽ മറ്റൊരു ഇന്ത്യക്കാരിയും എത്താത്തത്ര ഉയരങ്ങളിലേക്ക് പറന്നുയർന്ന പെൺകുട്ടി കൽപന ചൗള.

'പറക്കുക' അതായിരുന്നു കുട്ടികാലത്ത് കൽപനയുടെ ഏറ്റവും വലിയ അഗ്രഹം.പറക്കുന്ന വസ്തുക്കളോടെല്ലാം അവൾക്ക് പ്രത്യേക കമ്പമായിരുന്നു.വിമാനങ്ങൾ എത്ര കണ്ടിട്ടും

കൽപനയ്ക്ക് മതിവന്നില്ല.അവയിൽ പറക്കാനും അവ പറത്താനും അവൾ അതിയായി മോഹിച്ചു.എന്തൊക്കെ കഷ്ടപ്പാടുകൾ സഹിച്ചാലും ശരി,ഒരു ബഹിരാകാശസഞ്ചാരി ആയേത്തീരൂ.അമേരിക്കയിലെ പഠനകാലത്ത് കൽപന തീരുമാനിച്ചതായിരുന്നു അത്.

ഹരിയാനയിലാണ് കൽപന ചൗള ജനിച്ചത്.എൻജിനീയറിംഗ് ബിരുദം നേടിയ ശേഷം കൽപന അമേരിക്കയിലേക്ക് പോയി.അവിടെ വെച്ച് എയ്റോസ്പേസ് എൻജിനീയറിംഗിൽ ഡോക്ടർ ബിരുദം നേടി.1994 ൽ അമേരിക്കൻ ബഹിരാകാശഗവേഷണ കേന്ദ്രമായ 'നാസ'ൽ ചേർന്നു.

1997 നവംബറിൽ നാസയിൽ നിന്നാണ് കൽപന ചൗള ആദ്യമായി ശൂന്യാകാശത്തേക്ക് പുറപ്പെട്ടത്.2003 ലായിരുന്നു കൽപന ചൗളയുടെ രണ്ടാമത്തെ ബഹിരാകാശ യാത്ര.2003 ഫെബ്രുവരി 1 ന് കൽപന ചൗളയും കൂട്ടരും കൊളംബിയ എന്ന ബഹിരാകാശ വാഹനത്തിൽ ഭൂമിയിലേക്കു തിരിച്ചു.16 ദിവസത്തെ ബഹിരാകാശ ദൗത്യത്തിനു ശേഷമായിരുന്നു കൽപനയുടെയും കൂട്ടരുടെയും മടക്കം.ഇന്ത്യൻ സമയം വൈകീട്ട് 7.30 നാസയുടെ ന്ക്രീനിൽ നിന്ന് കൊളംബിയ പൊടുന്നനെ അപ്രത്യക്ഷമായി.അടുത്ത നിമിഷം കൊളംബിയ വലിയൊരു തീഗോളമായി തകർന്നു വീണു.ഒപ്പം അതിലുള്ള യാത്രികരും.ഭാരതത്തിന്റെ അഭിമാനമായി കൽപന എന്ന പേര് ഇന്നും എന്നും ജ്വലിക്കുന്നു.



# മതിമറന്ന കേരളം

കേരം തിങ്ങും കേരള നാട്ടിൽ
കവിതകളെഴുതും കാടുണ്ട്.
പാട്ടുകൾ പാടി മതിച്ച
കളിച്ച രസിച്ച നടക്കാൻ
സുവർണ്ണമായൊരു പുഴയുടെ
വരയുടെ കലകൾ
പുഴയായ് ഒഴുകി
കടലാകുന്നൊരു കഥയുണ്ട്.
സ്വപ്നം കണ്ടു കുളിർത്തു
നടക്കാൻ നല്ലൊരു മനസ്സ് നമുക്കുണ്ട്.

സ്നേഹ -കെ

# ആശ വരുത്തിയ ദോഷം

ഒരാഴ്ച കൂടിയേ ഉള്ളൂ ഓണത്തിന്. മാളുവും മീനുവും അതിന്റെ സന്തോഷത്തിലാണ്. ഓരോ വർഷവും ഓണത്തിന് ഉടുപ്പൊക്കെ വാങ്ങിച്ചുകൊണ്ടുവരുമ്പോൾ എന്തോ ആലോചിച്ച് അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ വരുമായിരുന്നു. അമ്മ കരയുന്നതിന്റെ കാരണം അറിയാവുന്നത് കൊണ്ടായിരിക്കാം അവരുടെ അച്ഛൻ അമ്മയോട് ഒന്നും ചോദിക്കാറില്ല. പിന്നെ ഓണദിവസം അമ്മ പെട്ടിതുറന്ന് എന്തോ നോക്കി കരഞ്ഞുകൊണ്ടിരിക്കും.

ഓണയൊരുക്കങ്ങളൊക്കെ കഴിഞ്ഞു. ഓണം വന്നു. മാളുവും മീനുവും ഇന്ന് കുട്ടികളല്ല. കാര്യങ്ങളൊക്കെ അറിയാൻ തുടങ്ങി. പതിവുപോലെ അമ്മ പെട്ടി തുറന്ന് കരയുന്നത് കണ്ടപ്പോൾ അവർ പതുക്കെ ആ പെട്ടിയുടെ ഉള്ളിലേക്ക് ഒന്ന് എത്തി നോക്കി. ഒരു പഴയ ഉടുപ്പായിരുന്നു അത്. അവർ രണ്ട് പേരും നല്ല വാശിക്കാരായിരുന്നു. പക്ഷെ,അവർ എത്ര ശ്രമിച്ചിട്ടും അമ്മ ഒന്നും മിണ്ടിയില്ല. കാര്യം സാധിക്കാതായപ്പോൾ അവർ പറഞ്ഞു "അയ്യേ, നമ്മളെന്തിനാ ഈ പഴയ ഉടുപ്പിനെ പറ്റി ചോദിക്കുന്നത് ? നമുക്ക് പോകാം". ഇതു കേട്ട അമ്മ അവരെ ഒരു നോട്ടം നോക്കി. പക്ഷെ അങ്ങനെ നോക്കിയതിന്റെ കാരണം അവർക്ക് മനസ്സിലായില്ല.

കുറച്ച് കഴിഞ്ഞപ്പോൾ അമ്മ അവരെ വിളിച്ചുകൊണ്ട് പറഞ്ഞു "മക്കളേ , ഈ ഉടുപ്പിനൊരു കഥയുണ്ട് "അങ്ങനെ കഥ

പറയാൻ തുടങ്ങി. "ഞാൻ നിങ്ങളെ പോലെ ഒരു പിടിവാശിക്കാരിയായിരുന്നു. പക്ഷെ... അതിനിരയായത് എന്റെ അച്ഛനും. ഒരിക്കൽ ഒരോണത്തിന് ഞാൻ ചുവപ്പിൽ വെളുത്ത പുള്ളിയുള്ള ഒരുടുപ്പ് വേണമെന്ന് വാശിപിടിച്ചു. പറഞ്ഞു പറഞ്ഞ് അവസാനം അച്ഛൻ ഉടുപ്പ്  വാങ്ങാൻ പോയതാ. കുറേ നേരം കാത്തിരുന്നു... എന്റെ അച്ഛൻ വന്നില്ല.

പിന്നെ ആരൊക്കെയോ ഞങ്ങളെ വിളിച്ച്  അവിടത്തെ ആശുപത്രിയിൽ വേഗം എത്താൻ പറഞ്ഞു. ആശുപത്രിയിൽ എത്തിയ ഞാൻ കണ്ടത്  എന്റെ  ഈ ഉടുപ്പും കയ്യിൽ പിടിച്ച് മരണത്തിനിരയായ എന്റെ അച്ഛനെയായിരുന്നു ....റോഡ് മുറിച്ചു കടക്കുന്നതിനിടെ വാഹനം ഇടിച്ചതാണെന്ന്  ആരൊക്കെയോ പറയുന്നതുകേട്ടു."

അവർ കുറേ നേരം മൗനമായി ഇരുന്നു. കുറ്റബോധത്തോടെ മാളുവും മീനുവും അവിടെ നിന്ന് എഴുന്നേറ്റ് പോയി.

ഒരു വർഷത്തിനു ശേഷം അവർ വീണ്ടും ഓണക്കോടി വാങ്ങാൻ കടയിലേക്ക് പോയി. അവർ രണ്ട് പേർക്കും കൂടി മൂന്ന് ഉടുപ്പ് വേണമെന്ന്  വാശിപിടിച്ചു. എന്തിനാണെന്ന് എത്ര ചോദിച്ചിട്ടും അവർ പറഞ്ഞില്ല. ഓണത്തിന്റ കുറച്ച് ദിവസങ്ങൾക്കു മുമ്പ് അവർ അവരുടെ ക്ലാസിലെ പാവപ്പെട്ട ഒരു കുട്ടിക്ക് ആ ഉടുപ്പ്  സമ്മാനിച്ചു. തന്നെപോലെയാകരുത് തന്റെ മക്കൾ എന്ന് ആശിച്ച അവരുടെ അമ്മയുടെ സ്വപ്നം പൂർത്തിയായില്ലെങ്കിലും നല്ല കാര്യങ്ങൾക്ക് വേണ്ടിയുള്ള അവരുടെ വാശി നല്ലതാണെന്ന്  കരുതി അമ്മയ്ക്ക് ആശ്വാസമായി.

# അച്ഛൻ



എന്നും എനിക്ക് താങ്ങും തണലുമായ്
നിൽക്കുമെൻ അച്ഛൻ.
എന്നും എനിക്ക് ധൈര്യം പകർന്ന്
എനിക്ക് കൂട്ടായ് നിൽക്കുമെൻ അച്ഛൻ.
എന്നെ സംരക്ഷിച്ച് എന്റെ രക്ഷകനായ്
നിൽക്കും അച്ഛൻ.
അച്ഛന്റെ വിയർപ്പിന് സംരക്ഷണത്തിന്റെ
ഗന്ധമാണുള്ളത്.
എന്റെ ആഗ്രഹങ്ങളെല്ലാം സാധിച്ചുതന്ന്
എന്റെ സ്വപ്നങ്ങളുടെ കോട്ടാരത്തിന്
താങ്ങായി നിൽക്കുന്ന,
കർക്കശക്കാരനായ മനുഷ്യൻ.
എന്റെ തെറ്റുകൾ തിരുത്തി എന്നെ
നേർവഴിയിലേക്ക് നയിക്കുന്ന
എന്റെ അച്ഛൻ.
ഞാൻ നേടിയ പലതും ഒരിക്കൽ
അച്ഛൻ എന്ന മനുഷ്യന്റെ ത്യാഗങ്ങളായിരുന്നു.
മറ്റൊന്നിനോടും ചേർത്തു വെക്കാൻ
കഴിയാത്ത പുണ്യം
എന്റെ അച്ഛൻ.

-കൃഷ്ണനന്ദ.എസ്

# അമിതമായാൽ അമൃതും വിഷം



വേനലിൽ ചുട്ടുപൊള്ളുന്ന വെയിലിൽ
ഒരു മഴയ്ക്കായ് ഞാൻ കൊതിച്ചിരുന്നു,
ഒരു തുള്ളി ദാഹ ജലത്തിനായി
ഞാൻ കാത്തിരുന്നു,
കാത്തിരുന്നൊരു കാലമെത്തി
ഇന്നിതാ ഈ വേളയിൽ
സന്തോഷം കൊണ്ട് ഞാൻ തിമിർക്കുന്നു,
ഇന്നീ വേളയിൽ
ആഹ്ലാദത്താൽ തുള്ളിച്ചാടിയ ഞാൻ
ദുഖിക്കുന്നു ഈ പ്രളയത്താൽ.

സിൻഷ വി എസ്

# അമ്മ



അമ്മ എന്ന രണ്ടക്ഷരത്തിന്
ജീവിതം എന്ന മൂന്നക്ഷരത്തിൻ
അർത്ഥമുണ്ട്.
അതെ, അമ്മ ജീവിതമാണ്
സുന്ദരമായ സ്നേഹം നിറഞ്ഞ
ജീവിതം.
നാം ആ സുന്ദര ജീവിതത്തെ
തള്ളിക്കളയരുത്.

വിനയ.എസ്

# അമ്മച്ചി

ഇന്നും വീട്ടിലെ അടുപ്പ് പുകഞ്ഞില്ല. അവൻ രാവിലെ നേരത്തെ തന്നെ  ഉണർന്നു. വിശപ്പ് അവനെ കാർന്നു തിന്നാൻ തുടങ്ങി. അവന്റെ അപ്പൻ നാല് ദിവസമായി പണിക്കു പോയിട്ട്. പുറത്ത് കർക്കിടക മഴ തകർത്തു പെയ്യുകയാണ്.

അപ്പന് നല്ല പനിയും ചുമയും. ഡോക്ടർ പറഞ്ഞു നാലു ദിവസം ഒന്നും ചെയ്യാൻ  പാടില്ല എന്ന്. അന്നു മുതൽ വീട്ടിലെ അടുപ്പ് പുകഞ്ഞിട്ടില്ല. സ്കൂൾ തുറന്നത്  അപ്പനും അമ്മച്ചിക്കും സമാധാനമായി, അവന്റെ വയർ സ്കൂളിലെ ഉച്ചകഞ്ഞികൊണ്ട്  നിറയ്ക്കാമല്ലോ. അവൻ മെല്ലെ അടുക്കളയിലേക്ക് നടന്നു.

അമ്മച്ചി അവിടെ വെറും നിലത്ത് ചടഞ്ഞിരിപ്പാണ്. അവൻ മനസ്സിൽ വിചാരിച്ചു. "ഞാൻ വലുതായാൽ അമ്മച്ചീനെ കഷ്ടപ്പെടുത്തുല". അവനെ കണ്ടതും അമ്മച്ചി  ചാടിയെണീറ്റു. അമ്മ അവനോട് ചോദിച്ചു: "എന്താ കുട്ടാ വിശക്കുന്നുണ്ടോ?". അവൻ  പറഞ്ഞു  "ഇല്ലമ്മച്ചീ". "എന്നാ മോൻ വേഗം സ്കൂളിലേക്ക് പോകാൻ  നോക്ക് "- അമ്മച്ചി അവനോട് പറഞ്ഞു. അവൻ അവന്റെ മുറിയിലേക്ക് ചെന്ന്   ഉച്ചകഞ്ഞിക്കുള്ള പാത്രവും

പുസ്തകവുമെടുത്ത് സ്കൂളിലേക്ക് നടന്നു. അന്ന് സ്കൂളിൽ നിന്നും അവൻ കുറച്ച് ഉപ്പ്മാവ് കൂടുതൽ വാങ്ങി. അതിലവൻ കുറച്ച് പാത്രത്തിന്റെ വക്കിൽ ബാക്കി വച്ചു. എന്നിട്ട് വൈകുന്നേരം സ്കൂൾ വിടാനുള്ള മണി മുഴങ്ങാൻ കാത്തുനിന്നു. സ്കൂൾ വിട്ടതും അവൻ വീട്ടിലേക്കോടി. എന്നിട്ട് നേരെ അടുക്കളയിൽ ചെന്ന് പാത്രത്തിൽ ബാക്കി വെച്ച ഉപ്പ്മാവ് അമ്മയ്ക്ക് നേരെ നീട്ടി. പെട്ടെന്ന് അമ്മയുടെ കണ്ണ് നിറഞ്ഞ് തുളുമ്പി. അവൻ തന്റെ കുഞ്ഞികൈകൊണ്ട് ആ കണ്ണുനീർ തുടച്ചു.അമ്മ മെല്ലെ പാത്രത്തിൽ നിന്ന് ആ ഉപ്പ്മാവ് എടുത്ത് കഴിച്ചു.എന്നിട്ട് അവനെ കെട്ടിപ്പിടിച്ചു. പിന്നീട് എന്നും അവൻ അമ്മയുടെ കണ്ണ് നിറയാതെ കാക്കുന്ന കണ്ണീർ തുടയ്ക്കാനുള്ള കൈലേസായി മാറി.

കൃഷ്ണപ്രിയ.സി.എം


# കൊകൊ

വലിയൊരു സംഗീതജ്ഞനാവണമെന്നായിരുന്നു മിഗ്വലിന്റെ ഏറ്റവും വലിയ ആഗ്രഹം. എന്നാൽ ഒരു കുഴപ്പമുണ്ട്, മിഗ്വലിന്റെ
കുടുംബത്തിൽ പാട്ട് പഠിക്കാനോ പാട്ട് പാടാനോ സംഗീതം പഠിക്കാനോ ആർക്കും അനുവാദമില്ല.

അതിനിടെ ഒരു അത്ഭുതം സംഭവിച്ച് മരിച്ചവരുടെ ലോകത്തേക്ക് കടന്നുചെല്ലാൻ മിഗ്വലിന് കഴിഞ്ഞു.അവിടെ വെച്ച് അവൻ തന്റെ കുടുംബത്തിൽ പണ്ട് ജീവിച്ചിരുന്ന ഒരു അപ്പൂപ്പനെ കണ്ടു പരിചയപ്പെട്ടു. അദ്ദേഹം പണ്ടത്തെ വലിയൊരു പാട്ടുകാരനാണെന്ന് മിഗ്വലിനോട് പറഞ്ഞു.

ആ അത്ഭുതലോകത്തു വെച്ച് പതുക്കെ പതുക്കെ പഴയ കഥകൾ ചുരുളഴിഞ്ഞു. മിഗ്വലിന്റെ കുടുംബത്തിൽ സംഗീതം ഇല്ലാതായ കഥ...! ഡിസ്നി പിക്സാർ ടീം നിർമ്മിച്ച കൊകൊ എന്ന സൂപ്പർഹിറ്റ് അനിമേഷൻ ചിത്രത്തിന്റെ കഥയാണിത്.കഴിഞ്ഞ വർഷം നവംബറിൽ പുറത്തിറങ്ങിയ കൊകൊ ഇത്തവണ ഓസ്കാർ നേടാൻ ഏറ്റവും സാധ്യത കല്പിക്കുന്ന ആനിമേഷൻ ചിത്രമാണ്.ലീ അൺക്റിച്ച്, അഡ്രിയാൻ മോളിന എന്നിവരാണ് ഇതിന്റെ സംവിധായകർ.

# ദുരിത പെയ്ത്ത്



മാനവരാശിയെ കണ്ണീർതടാകത്തി-
ലാക്കി എങ്ങും ദുരിത പെയ്ത്ത്
വാനിൽ നിന്നും ഇളം മാരുതനോടുകൂടി
പെയ്യുന്ന മാരിയെ ഞാൻ ഇഷ്ടപ്പെട്ടിരുന്നു.
അന്നു ഞാൻ നിന്നെ സുഹൃത്തായും
ഇന്നു ഞാൻ നിന്നെ പ്രളയഭീതിയോ-
ടുകൂടിയും കാണുന്നു.
നിൻ ഒഴുക്കിൽ സാഗരത്തിലെ
തിരമാലകളേക്കാളും ശക്തിപ്രാപിച്ച
വൃഷ്ടി എന്നു കേൾക്കുവിൻ-
മാനവർക്കത് ഭീതിയായ്
നിൻ ഒഴുക്കിൽ തടസ്സപ്പെടുത്തുന്ന-
മാനവർക്കിന്നൊരു പാഠമായ് നീ..............

-ഷഹന.എ

# ണ്ടിണ്ടിണ്ടം ചെണ്ട



ചെണ്ടക്കയറു മുറുക്കീട്ട്
ചെണ്ടയെടുത്തു കുട്ടുണ്ണി
ചെണ്ടക്കോലുകൾ രണ്ടെണ്ണം
കൈയിലെടുത്തു കുട്ടുണ്ണി

ചെണ്ടയെടുത്തു തോളത്തിട്ടു
കൊട്ടുതുടങ്ങി കുട്ടുണ്ണി
ഡിണ്ടക ഡക ഡക ഡിം ഡിം ഡിം
ഡിണ്ടക ഡിണ്ടക ഡിം ഡിം ഡിം

-അസ്ന എ

# എനിക്ക് സഹിക്കാനാവുന്നില്ല....



ഞാൻ ചെയ്ത ദുഷ്കൃത്യങ്ങൾ
സഹിച്ചും പൊറുത്തും കഴിഞ്ഞിരുന്ന
എൻ പ്രകൃതിയേ....
ഇന്ന നീ കലിതുള്ളി
ഒഴുകുമ്പോൾ നീ സഹിച്ചപോൽ
എനിക്ക് സഹിക്കാനാവുന്നില്ല.
നിൻ ഒഴുക്കിൽ എനിക്കു
നഷ്ടമായത് എൻ ജീവിതമാണ്,
എൻ കിടപ്പാടമാണ്,
സർവ്വം സഹയായ ഭ്രമിയെ
നീ സഹിച്ചപോൽ എനിക്ക്
സഹിക്കാനാവുന്നില്ല.....
ഇന്നെൻ ജീവിതം സങ്കടക്കടലായി
മാറിക്കഴിഞ്ഞിരിക്കുന്നു.
നീ പെയ്യിച്ച മഴകൊണ്ടു പോയത്
ആയിരങ്ങളുടെ ജീവിതം.
ഇനി ഒരിക്കലും ഇങ്ങനെ ഒരു
പ്രളയം ഉണ്ടാവാതിരിക്കട്ടെ....

ജിൻഷ

# എന്റെ കഴിവ്

ഒരു ഗ്രാമത്തിലെ വിദ്യാലയത്തിൽ 9-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ് കിച്ചു എന്ന ഓമനപേരുള്ള ബഷീർ. അവൻ പഠിക്കാൻ അത്ര മിടുക്കാനായിരുന്നില്ല. അവൻ പഠിക്കാൻ തീരെ താൽപര്യമുള്ള ഒരാളല്ല, അതുകൊണ്ടുതന്നെ അദ്ധ്യാപകർക്കും ഇഷ്ടമല്ലായിരുന്നു. അവർ അവനെ വിദ്യാലയത്തിലെ പ്യൂണിനെപ്പോലെയാണ് ജോലി ചെയ്യിക്കുക. ദിവസവും ക്ലാസ് തുടങ്ങുമ്പോൾ ഹാജർ വിളിക്കുന്ന സമയത്ത് മറ്റ് എല്ലാ വിദ്യാർത്ഥികളെയും അവരുടെ Initial കൂട്ടി വിളിക്കുമായിരുന്നു. എന്നാൽ ബഷീറിനെ മാത്രം വെറും ബഷീർ എന്നാണ് വിളിക്കുക. അങ്ങനെയിരിക്കെ ഒരു ദിവസം ക്ലാസ് ടീച്ചർ വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് ഒരു പതിപ്പുണ്ടാക്കാൻ എന്തെങ്കിലും വിവരങ്ങൾ ശേഖരിച്ചു കൊണ്ടു വരാൻ പറഞ്ഞു. ബഷീറിന്
ഒന്നും എഴുതാൻ അറിയില്ലായിരുന്നു അവൻ അതിനാൽ ദു:ഖിതനായിരുന്നു എന്നാൽ അവന് നന്നായി വരക്കാനറിയാമായിരുന്നു. അതവന്റെ ഒരു സുഹൃത്തിന് അറിയാമായിരുന്നു. അതിനാൽ അവന്റെ
സുഹൃത്ത് അവനോട് ബഷീറിന്റെ ചിത്രം വരച്ചു നൽകാൻ പറഞ്ഞു. ബഷീർ വരച്ചു. അത് ക്ലാസ് ടീച്ചറെ ഏൽപ്പിച്ചു. ക്ലാസ് ടീച്ചർ ഒരു മത്സരത്തിന് ആ ചിത്രം അയച്ചു കൊടുത്തു. ബഷീറിന്റെ ചിത്രത്തിന് ഒന്നാം സമ്മാനം ലഭിച്ചു. പിന്നീട് അവനെ എല്ലാവർക്കും വളരെ ഇഷ്ടമായി.

-ജിൻഷ

# എൻ വിദ്യാലയം

എൻ വിദ്യാലയം.....നീ എങ്ങുപോയി.
നിൻ ഓർമ്മകളിൽ ഞാൻ ജീവിക്കുന്നു.
നീ തന്ന നിമിഷങ്ങൾ ഏറെയാണ് എനിക്ക്.
എൻ വിദ്യാലയം എനിക്ക് വിദ്യനൽകിടും,
വിദ്യാലയം എനിക്ക് തണൽ നൽകിടും,കാർമേഘം
നിൻ നന്മകളിൽ ഞാൻ ജീവിക്കുന്നു.
എൻ അച്ഛനെ അച്ഛനെന്നും,
എൻ അമ്മയെ അമ്മയെന്നും,
ചൊല്ലിതന്ന എൻ വിദ്യാലയം.....
ഗുരുവിൻ ഗുരുത്വം നൽകിടും എൻ വിദ്യാലയം....
വിദ്യാലയമെ നീ എങ്ങുപോയി....
നിൻ ഓർമ്മകളിൽ ഞാൻ ജീവിക്കുന്നു....
എന്നെ ഞാനാക്കി മാറ്റിയ എൻ വിദ്യാലയം.....

-ഹഫ്സത്ത്

# കടങ്കഥകൾ

1.കണ്ടാൽ മുണ്ടൻ കാര്യത്തിന് വമ്പൻ

-കുരുമുളക്

2.മുക്കിലിരിക്കുന്ന സുന്ദരിപ്പെണ്ണിൻെറ മൂക്കുപിടിച്ചാൽ പാട്ടുവരും

-റേഡിയോ

3.കണ്ടാൽ വണ്ടി തൊട്ടാൽ ചക്രം

-തേരട്ട

4.എൻെറ കാളക്ക് വയറ്റിൽ കൊമ്പ്

-വാൽക്കിണ്ടി

5.മേലേവീട്ടിലെ മുത്തശ്ശിയമ്മേടെ പൊട്ടിചിരിയും പേടിപ്പിക്കും

- ഇടിവെട്ട്

6.കാറ്റത്തോട്ടും കുടവയറൻ

-ബലൂൺ

7.ഡോക്ടർ വന്നു കുത്തിവച്ച്യു കാശുവാങ്ങാതെങ്ങോപോയി

-കൊതുകുകടി

8.ഉണ്ണിപെണ്ണിന് ഒരിക്കലെ പേറുള്ളൂ

-വാഴ

9.വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിലോട്ടം

- സൈക്കിൾ

10.കിടക്കുമ്പോൾ നെഞ്ചിനുമീതെ നടക്കുമ്പോൾ തലയ്ക്കുമീതെ

– ആകാശം

# കലി തുള്ളി പെരുവെള്ളം

പേമാരി വിതച്ച കൊടിയ ദുരന്തത്തിൽ വിറങ്ങലിച്ച നിൽക്കുകയാണ് കേരളം. ഒറ്റ ദിവസം കൊണ്ട് ഇരുപത്തിരണ്ട് ജീവനുകൾ പൊലിഞ്ഞു. വസ്തുവകകളും ജീവനോപാധികളും പ്രളയത്തിൽ മുങ്ങി. ജലസമ്മർദ്ദം താങ്ങാനാവാതെ ഇരുപത്തിനാല് അണക്കെട്ടുകൾ തുറന്നു. നദികൾ സംഹാര രൂപം പൂണ്ടു. ഒട്ടേറെ ഇടങ്ങളിൽ ഉരുൾപ്പൊട്ടി, മണ്ണിടിഞ്ഞ് താന്നു, ചുരങ്ങൾ താറുമാറായി, റോഡുകൾ പിളർന്നു താന്നു, വീടുകൾ നശിച്ചു, പട്ടണങ്ങളും ജനപദങ്ങളും ജലത്തിലാണ്ടു.

വെള്ളം ഒഴുകുന്ന പല ഭാഗങ്ങളും കെട്ടിപൊക്കി.കോൺക്രീറ്റ് ബിൽഡിങ്ങ് നിർമ്മിച്ചു. പുഴകളെയെല്ലാം ജനങ്ങൾ വാസസ്ഥലമാക്കി. കൃഷിയിടങ്ങൾ തരിശാക്കി. ഇതിൽ നിന്നെല്ലാം മോചനം നേടാൻ പ്രകൃതിയെ സ്നേഹിക്കുന്ന ഒരു ജനതയെ തന്നെ വാർത്തെടുക്കണം.

ഹസ്ന ഫാത്തിമ കെ എൻ

# കാർമുകിൽ

നിനക്ക് കറുപ്പ് നിറമാണെങ്കിലും
നീ തരുന്നത് വെള്ള നിറമുള്ള മഴയാണ്
നിന്റെ ദു:ഖം നീ എനിക്ക്
മഴയായി നൽകുന്നു
ആ ദു:ഖം എനിക്ക്
സന്തോഷം നൽകുന്നു....
നിന്റെ ദു:ഖം നീ എനിക്ക്
ഇടിമിന്നലായ് നൽകുന്നു....
അതു കഴിഞ്ഞാൽ എനിക്ക്
സന്തോഷമേകാൻ നിന്റെ
കൂട്ടുകാരനായ മഴവില്ലുണ്ട്.

റിൻഷ. എൻ

# കാഴ്ച

അവൾ ആ കാഴ്ച കാണാൻ എന്നും മുറ്റത്തേക്ക് ഓടിയെത്തുമായിരുന്നു. അവളുടെ അവസാനിക്കാത്ത ദുഃഖങ്ങൾക്ക് ആ കാഴ്ച വളരെയേറെ ആശ്വാസമേകി.ഒരു നിമിഷത്തേക്കാണെങ്കിലും ആ കാഴ്ച കാണുമ്പോൾ അവൾ അവളുടെ ദുഃഖങ്ങൾ മറന്ന് സന്തോഷിക്കും. അമ്മയുടെ ചൂടും അച്ചന്റെ തണലും ഇല്ലാത്ത അവൾക്ക് എല്ലാം ആ കാഴ്ച ആയിരുന്നു അത്കൊണ്ട് തന്നെ അതിനെ അവൾക്ക് എന്തുവിളിക്കണമെന്നറിയില്ലായിരുന്നു.

ഒരു ദിവസം അവൾ ആ കാഴ്ച കണ്ട് നടുങ്ങി.അവളുടെ കണ്ണുകൾ അവൾ അറിയാതെ നിറഞ്ഞു. അവളുടെ ദുഃഖങ്ങൾക്ക് അശ്വാസമേകിയ ആ കാഴ്ച ഇന്നവൾക്ക് സമ്മാനിച്ചത് കണ്ണീരായിരുന്നു.കണ്ണീർ തുളുമ്പി നിൽക്കുന്ന ആ കണ്ണുകളിലേക്ക് അവളുടെ നിറഞ്ഞ കണ്ണുകൾ എത്തി. എന്നെ ആശ്വസിപ്പിക്കുന്ന ആ കണ്ണുകൾ എങ്ങനെ നിറഞ്ഞുവെന്ന് അവൾക്ക് അറിയാൻ ആഗ്രഹമായി. അന്ന രാത്രി അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അവൾ അവളുടെ അവസാനിക്കാത്ത ദുഃഖങ്ങളെ മറന്നു. അവളുടെ ചിന്ത മുഴുവൻ ഇന്നു കണ്ട കാഴ്ചയെ പറ്റിയായിരുന്നു. ഓർക്കുന്തോറും അവളുടെ കണ്ണുകൾ നിറയാൻ തുടങ്ങി. പിന്നെയാണ് അവൾ ചിന്തിച്ചത്,

“എന്നെപ്പോലെതന്നെ അതിന് അത് ആഗ്രഹിക്കാത്ത ഒരു നഷ്ടമുണ്ടായിട്ടുണ്ടെന്ന്. ആ നിറഞ്ഞ കണ്ണുകൾ എന്റെ സങ്കടങ്ങളുടെ പ്രതീകമാണെന്ന്"

റിൻഷിദ

# കാഴ്ച ഉള്ള ഒരാൾ

മൂന്ന നിരത്തുകൾ ചേരുന്ന കവലയാണ് എന്റെ വീടിനു മുൻവശം. അപ്പുറവും ഇപ്പുറവുമായി മൂന്ന ബസ്സ്റ്റോപ്പുകളുണ്ട്. അവയെ ചുറ്റിപറ്റി ചെറുതും വലുതുമായി കുറെ കടകളുമുണ്ട്. എപ്പോഴും ആൾത്തിരക്കാണ്. വൈകുന്നേരം നടക്കാനിറങ്ങുമ്പോൾ ഞാൻ എന്നും ഒരു കാഴ്ച കാണും. ഒരു പെട്ടിക്കാരൻ തന്റെ കടയിൽ നിന്നിറങ്ങി നിരത്തു മുറിച്ചുകടന്ന് ഇപ്പുറത്ത് വന്ന് അവിടെ ബസ്സിറങ്ങിയ ഒരു കാഴ്ചയില്ലാത്ത ആളെ കൈപിടിച്ച് കടത്തി അപ്പുറത്തെത്തിച്ച് അവിടെയുള്ള ബസ് സ്റ്റോപ്പിൽ ചെന്നുനിന്ന് അയാളെ മറ്റൊരു

ബസ്സിൽ കയറ്റിവിടുന്ന കാഴ്ച. അയാളുടെ കടയുടെ മുന്നിൽ പലതുംവാങ്ങാൻ പലരും കാത്തു നിൽക്കെയാണ് ഇത്. സ്കൂളേ കണ്ടിട്ടില്ലാത്ത ഒരാളാണ് ഈ കടക്കാരൻ. ചില്ലറ കണക്കുകൂട്ടാൻ അറിയാമെങ്കിലും എഴുത്തും വായനയും അറിയില്ല. പാറി പറക്കുന്ന മുടി, കാടുപിടിച്ച കുറ്റിത്താടി, മുഷിഞ്ഞ മുണ്ട്, ഷർട്ടിടാത്ത ദേഹം, ഒരു പരുത്ത പ്രകൃതം.

# കർക്കിടകം

കർക്കടകത്തിന് ഞണ്ട് എന്നാണ് അർഥം. ചക്രത്തിൽ നാലാമത്തെ രാശി. കർക്കടമാസത്തിന്റെ വറുതിയും ആലോസരതയും മനുഷ്യന് പ്രയാസങ്ങളുണ്ടാക്കി കർക്കടകം കഴിഞ്ഞാൽ മണ്ണിലും മനസ്സിലും സന്തോഷം വിതച്ച് ചിങ്ങമാസമെത്തുമല്ലോ. മലയാള വർഷാരംഭം ചിങ്ങമാസത്തിലാണ്.

# കാർമേഘം

കറുപ്പാർന്നാംബരം
പെയ്തുതോർന്നീടുമ്പോൾ
മനുഷ്യമനസ്സിന്നും കരിക്കടലാകവേ
ആ കരിക്കടലിൽ പരൽമീനുകൾ
നീന്തികളിക്കുന്നുണ്ടെങ്കിലും അതിനെ
വേദനിപ്പിക്കാനമെത്തിടുന്ന കരിചായം
ഞാവൽക്കറ പോൽ പറ്റി വീണ്ടുന്ന
മനസ്സുകൾ വെള്ളയണിയുമോയിനിയെങ്കിലും.

-രേവതി.എസ്

# ലഹരിയുടെ ഇരുണ്ടവഴികൾ

മനുഷ്യന്റെ മാനസികവും ശാരീരികവുമായ അവസ്ഥകളിൽ വളരേയേറെ മാറ്റങ്ങൾ വരുത്തുവാൻ കഴിവുള്ളവയാണ് ലഹരിവസ്തുക്കൾ. ലഹരി വസ്തുക്കളിൽ കഞ്ചാവ്, മോർഫിൻ, പെത്തഡിൻ കോഡിൻ തുടങ്ങിയവയും, മദ്യം, പുകയില ഉൽപന്നങ്ങളും ഇതിൽപ്പെടുന്നവയാണ്. ഇവയെല്ലാം തന്നെ മനുഷ്യന്റെ ജീവിത്തിൽ ആകർഷണം ഉണ്ടാക്കുന്നവയാണ്. ആദ്യമൊക്കെ ഒരു കൗതുകത്തിന് തുടങ്ങുന്ന ലഹരി ഉപയോഗം പിന്നീട് മഹാവിപത്തുകളിലേക്ക് നമ്മെ നയിക്കുന്നു.

ഇന്ന് സ്കൂൾ വിദ്യാർത്ഥികളിൽ പാൻമസാലകളുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്നുണ്ട്. ലഹരി വസ്തുക്കളിലേക്ക് തിരിയാൻ പ്രധാന കാരണം അവ ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന കൗതുകം. ഉല്ലാസം എന്നിവയാണ്.

ഇസ്ര.എസ്

# പാലക്കാടിന്റെ സ്വന്തം നിള

ഭാരതപ്പുഴ,നിള.ഗാംഭീര്യവും സൗന്ദര്യവും നിറഞ്ഞുതുളമ്പുന്ന രണ്ട് പേരുകൾ.പേരിൽ മാത്രമല്ല, കാഴ്ച്ചയിലും അത് അനുഭവിച്ചറിയാം.

ഭാരതപ്പുഴ പോലെ കേരളത്തിന്റെ സംസ്കാരത്തെയും സാഹിത്യത്തെയും

സ്വാധീനിച്ച മറ്റൊരു നദിയില്ല.കേരളത്തിലെ രണ്ടാമത്തെ വലിയെ നദിയാണ് ഭാരതപ്പുഴ.209 കിലോമീറ്ററാണ് കേരളത്തിൽ ഈ പുഴയുടെ നീളം.ധാരാളം പോഷക നദികൾ ഇതിനുണ്ട്.ചരിത്ര പ്രസിദ്ധമായ കൽപാത്തിപ്പുഴയാണ് അതിലൊന്ന്. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ മലമ്പുഴ ഈ പുഴയിലാണ്.ഭാരതപ്പുഴയിൽ ചേരുന്ന മറ്റൊരു പോഷക നദിയാണ് കണ്ണാടിപ്പുഴ.ചിറ്റൂർ,തത്തമംഗലം പ്രദേശങ്ങളിലൂടെയാണ് ഈ പുഴയുടെ സഞ്ചാരം.സൈലന്റ് വാലിയിൽ നിന്നുത്ഭവിക്കുന്ന ൂതപ്പുഴയും ഭാരതപ്പുഴയുടെ പോഷക നദിയാണ്.

ചരിത്രപ്രസിദ്ധമായ മാമാങ്കത്തിനു വേദിയായിരുന്നത് ഭാരതപ്പുഴയുടെ തീരത്തെ

തിരുനാവയയാണ്.
കുഞ്ചൻ നമ്പ്യാരുടെ ജന്മസ്ഥലമായ കിള്ളിക്കുറുവ്വിമംഗലവും ചെരുതുരുത്തിയിലെ കേരള കലാമണ്ഡലവും നിളാതീരത്തു തന്നെ.വ്യവസായികജില്ലയായി പാലക്കാടിനെ ഉയർത്തിയത് നിളാനദിയാണ്.ജില്ലയുടെ കാർഷിക സമൃദ്ധിക്ക് കാരണവും ഈ നദി തന്നെ.മലപ്പുറം ജില്ലയിലെ പൊന്നാനിക്കടുത്തുവെച്ചാണ് ഭാരതപ്പുഴ അറബിക്കടലിൽ പതിക്കുന്നത്.

ഒരുക്കാലത്ത് വർഷം മുഴുവൻ സമൃദ്ധമായി ജലമുണ്ടായിരുന്ന നിളയിൽ. എന്നാൽ ഇന്ന് നല്ല മഴക്കാലത്ത് മാത്രമേ നിള നിറഞ്ഞൊഴുകാറുള്ളൂ.വൻ തോതിലുള്ള മണൽ വാരലും മലിനീകരണവുമൊക്കെയാണ് ഇതിനു കാരണം.



# കഥ പറയാം

വഴിയോരത്തു കിടക്കുന്ന
പ്ലാസ്റ്റിക്കിനുമുണ്ടാവും
ആർക്കും വേണ്ടാതെ
തെരുവിലുപേക്ഷിച്ചതിന്റെ
കഥ പറയാൻ.
നേട്ടു കെട്ടുകളില്ലാത്ത
പിഞ്ഞിക്കീറിയ പേഴ്സിലെ
നൂലിനുമുണ്ടാവും
ഒരായിരം കഥ പറയാൻ.
കനാലു വെള്ളത്തിലൂടെ
കുത്തിയൊലിക്കുന്ന
ചെരുപ്പിനുമുണ്ടാവും
ചരിത്രത്തിന്റെ കഥ പറയാൻ.
എങ്കിൽ
ഞാനും പറയാം
അടിച്ചമർത്തപ്പെട്ട
എന്റെ ജീവിത കഥകൾ.

# നോബൽ സമ്മാനം

സ്വീഡനിലെ രസതന്ത്രജ്ഞനായ ആൽഫ്രഡ് നോബേൽ (1833-1896) ആണ് നോബേൽ സമ്മാനം ഏർപ്പെടുത്തിയത്. നൈട്രോഗ്ലിസറിൻ ഉത്പാദിപ്പിക്കുന്ന ഫാക്ടറി നോബേലുനുണ്ടായരുന്നു. 1864-ൽ ഈ ഫാക്ടറിയിലുണ്ടായിരുന്ന പൊട്ടിത്തെറിയിൽ അദ്ദേഹത്തിന്റെ സഹോദരൻ മരിച്ചതിനെ തുടർന്ന് ഫാകടറികളിൽ സുരക്ഷ സംവിധാനം കണ്ടെത്താനുള്ള പരീക്ഷണങ്ങളിൽ നോബേൽ മുഴുകി. 1867-ൽ ഡൈനൈമിറ്റിന്റെ കണ്ടുപിടിത്തത്തിലാണ് ഈ പരീക്ഷണങ്ങൾ അവസാനിച്ചത്. ഡൈനാമിറ്റ് എന്ന സ്ഫോടക വസ്തു മനുഷ്യരാശിക്കു ഗുണപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് പകരം സൈനിക ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നതിൽ നോബെലിന്റെ മനം നൊന്തു. ഇതേ തുടർന്നാണ് സമാധാനമടക്കം വിവിധ രംഗങ്ങളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ച്ച വെക്കുന്നവർക്ക് ബഹുമതി നൽകാൻ ആൽഫ്രഡ് നോബേൽ ഫൗണ്ടേഷൻ സ്ഥാപിച്ചത്. ഇതിനായി തന്റെ സമ്പാദ്യം മുഴുവൻ അദ്ദേഹം മാറ്റിവെച്ചു. സമാധാനം, സാഹിത്യം, ഫിസിക്സ്, കെമിസ്ട്രി, വൈദ്യശാസ്ത്രം, സാമ്പത്തിക ശാസ്ത്രം എന്നീ വിഷയങ്ങളിൽ നോബേൽ സമ്മാനം നൽകി വരുന്നു.

# കുട്ടിക്കാലം

ഓർമ്മകൾ
പുതുക്കിയപ്പോൾ
പുസ്തകത്തിനിടയിൽ
ഒളിപ്പിച്ചുവെച്ച
മയിൽ പീലി പെറ്റു-
കൂട്ടിയിരിക്കുന്നു.
പച്ചപ്പുലിയുടെ
രുചി ഇന്നു നാവിലുണ്ട്
എന്നും കാണിക്കാറുള്ള
കുറുമ്പ് ഇനിയും മാറിയിട്ടില്ല.
ആടിയ ഊഞ്ഞാലിന്റെ
കൊമ്പ്
ഇനിയും പൊട്ടിവീണിട്ടില്ല
ഞാൻ
ഓർത്തുപോയി
വീണ്ടും ഒരു
കുട്ടിക്കാലം വന്നുവെങ്കിൽ!

-നവിത.എസ്

# പഴമൊഴികൾ

1) അകത്തെ അഴക് മുഖത്തറിയാം

-മനസ്സിലിരുപ്പ് മുഖത്ത് പ്രതിഫലിക്കും

2) അകത്തെ ബന്ധുവേക്കാൾ

അരികത്തെ ശത്രു നല്ലൂ.

-പെട്ടെന്നുള്ള വിഷമങ്ങൾക്ക്

സഹായിക്കാൻ എപ്പോഴും

അടുത്തുള്ളവരെ ഉണ്ടാവൂ.

3) അകലെ ഉഴുതു പകലെ പോരുക

-ജോലിക്കാർ എളുപ്പം പണി

തീർക്കാൻ ചെയ്യുന്ന വിദ്യ.

4) അച്ഛനെ കുത്തിയ കാള

ചെറുക്കനേയും കുത്തും.

-വമ്പന്മാരെ ദ്രോഹിക്കുന്നവൻ

നിസ്സാരനേയും ദ്രോഹിക്കും.

5) അഞ്ചിലരിയാത്തവൻ അമ്പതിലരിയുമോ ?

-ചെറുപ്പത്തിൽ പഠിക്കാത്തവൻ

പ്രായമാകുമ്പോൾ പഠിക്കുമോ.

6) അഞ്ചുവിരലും ഒരുപോലെയോ?

-ഓരോ ആളിന്റെയു സ്വഭാവം

ഓരോ തരത്തിലാണ്.

7) അഞ്ജനമെന്നതു ഞാനറിയും

മഞ്ഞളുപോലെ വെളുത്തിരിക്കും.

-ഒരു കാര്യവുമറിയില്ല, എന്നാൽ പറയുന്നതു കേട്ടാൽ എല്ലാം

അറിയുമെന്ന ഭാവം.

8) അടങ്ങിയിരുന്നാൽ ആയുസ്സിന് നന്ന്.

-എടുത്തു ചാട്ടം നല്ലതിനല്ല.

# നിലാവിന്റെ ഭംഗി

നിലാവിന്റെ നിറംതട്ടി
ഉള്ളിൽതെളിഞ്ഞ മുഖത്തിന്
നിലാവിന്റെ നിറമാണ്.
ഇന്നും തിരിയണഞ്ഞിട്ടില്ല മുറിനരകൾ
ഇടവഴികളിൽ തെളിച്ചവളുടെ
പുലരിമുതൽ
സൂര്യനുദിച്ചപ്പോൾ ഭരണഗാനം
സഹനമെന്നാൽ സുകൃതമെന്നും
സമം ചെയ്ത നിൻ വഴികൾ
അയലത്തെ അമ്മയാണ്
അൽഫോൻസ.
അറിയില്ല പറയാൻ
പ്രാർത്ഥനയല്ല നിൻ
മുമ്പിലൊരു സ്നേഹകാവ്യം.

അമൃത.ജി

# പ്രളയം

എനിക്കൊരു സ്വപ്നമുണ്ട്
ഒരു പുഴയാവാൻ
മാലിന്യം നിറഞ്ഞ മനസ്സിനെ
പ്രളയം കൊണ്ടെനിക്ക്
വൃത്തിയാക്കണം
കല്ലെടുത്തെറിഞ്ഞ കുട്ടികളെ
ഒന്ന് കരയിക്കണം.
രക്തമൂറ്റിയെടുത്ത മൻുഷ്യനെ
ഒന്ന് നോവിക്കണം.

-സ്നേഹ.എൽ

# ശീപോതി വയ്ക്കൽ

കർക്കിടകം ഒന്ന് മുതൽ മുപ്പതുവരെ വീടുകളിൽ നടത്തുന്ന ചടങ്ങാണിത്. വീട്ടമ്മ രാവിലെ കുളിച്ച് ഈറനോടെ കിണ്ടിയിൽ വെള്ളം നിറച്ച് തുളസി,
ഭസ്മം എന്നിവയോടൊപ്പം ഉമ്മറക്കോലായിൽ വെയ്ക്കും. ഇവ സന്ധ്യയാകുമ്പോൾ ഇലയോടെ വീടിന്റെ ഇറയത്ത് തിരുകി സൂക്ഷിക്കും. അക്കാലത്ത് ഓലവീടായിരുന്നു. ഇവയെല്ലാം പിന്നീട് ഒന്നിച്ചെടുത്ത് ഓട്ടക്കലത്തിൽ ശേഖരിച്ച് കലിച്ചിക്ക് കൊടുക്കുന്നതോടെയാണ് കർക്കിടകത്തിന്റെ ദുരിതാന്ത്യത്തിന് തിരശ്ശീല വീഴുക. ഇത് കലിച്ചിക്ക് കൊടുക്കലായി വ്യാഖ്യാനിക്കുന്നു.

ദിൽസത്ത് റൈഹാന

# സൗഹൃദം

സൗഹൃദം  എന്നും ഒരു ബലമാണ്. നാം ആരിൽ നിന്ന് ഒറ്റപ്പെട്ടാലും നല്ല കൂട്ടുകാർ തണലായ് എന്നും നമ്മോടൊപ്പം ഉണ്ടാവും. എല്ലാവരുടെ ജീവിതത്തിലുമുണ്ട് ഒരു നല്ല് സുഹൃത്ത്. ഇന്ന് എവിടെയാണെന്ന് പോലും അറിയാത്ത ഒരു പഴയ സുഹൃത്ത്......

ആഗ്രഹിക്കാത്ത നേരത്ത് വന്നു ചേരുന്ന് സൗഭാഗ്യമാണ് സുഹൃത്ത്. നഷ്ട്ടപ്പെട്ടാൽ തിരിച്ചെടുക്കാൻ കഴിയാത്ത് നിധിയാണ് സൊഹൃദം. ഒരു ബന്ധം നിലനിർത്താൻ കള്ളം പറയരുത്. വഞ്ചിക്കരുത്, ചെയ്യാൻ പറയാത്ത കാര്യം ചെയ്യാമെന്ന് വാക്ക് കൊടുക്കരുത്. നീതി പാലിക്കാൻ വേണ്ടിയാണെങ്കിൽ പോലും ഒരു സുഹൃത്തിനെ വഞ്ചിക്കരുത്....

ഷീന.എസ്

# സൂര്യൻ


കുങ്കുമ ച്ചെപ്പ് മറിഞ്ഞുവീണതോ
അതോ
കുങ്കുമം വാരിയെറിഞ്ഞതോ
മേഘങ്ങൾ  ചിത്രം
വരച്ചതോ, അതോ
ആകാശത്തിൽ ഒരു
വിലക്ക് തെളിയിച്ചതോ....?

# മഴമറന്നു പോയത്

മേഘം കറുത്തിട്ടും,
ഇടിപൊട്ടിയിട്ടും,
വെയിൽ മാഞ്ഞിട്ടും,
അവൻ മറന്നു പോയി
ഇനി തന്റെ ഊഴമാണെന്ന്

നവിത എസ്

# കൂട്ടുകാർ



ഒരു ദിവസം രാവിലെ ഒരു പട്ടിയും പൂച്ചയും ഒരു വീടിന്റെ മുറ്റത്തുനിന്ന് അടിപിടി കൂടുകയായിരുന്നു. അപ്പോൾ പെട്ടെന്ന് മഴ പെയ്തു. രണ്ടുപേരും രണ്ട് വഴിക്ക് ഓടി. ദിവസങ്ങൾ കഴിഞ്ഞിട്ടുംമഴ നിന്നില്ല. നാടാകെ വെള്ളത്തിന് കീഴിലായി. വീടുകളിലെപാത്രങ്ങളും മറ്റും വെള്ളത്തിൽ ഒഴുകിപ്പോകാൻ തുടങ്ങി. പട്ടി ഒരു വീടിന്റെ മേൽക്കൂരയിൽ അഭയം പ്രാപിച്ചു. പട്ടി വെള്ളത്തിലേക്ക് നോക്കിയപ്പോൾ പൂച്ച ഒഴുകിവരുന്നത് കണ്ടു. അത് കണ്ട പട്ടി അടുത്ത കിടന്നിരുന്ന തടി കഷ്ണം വെള്ളത്തിലിട്ടു. പൂച്ച പാടുപെട്ട് തടിയിൽ പിടിച്ചു കയറി. തടി വെള്ളത്തിൽ ഒഴുകിപ്പോകാൻ തുടങ്ങി. പട്ടി പിന്നാലെ മേൽക്കൂരകളിലൂടെ ചാടി തടി കഷ്ണത്തിന് പിന്നാലെ ഓടി. തടി കഷ്ണം അവസാനം ഒരു മേൽക്കൂരയിൽ തടഞ്ഞുനിന്നു. പൂച്ച പണിപെട്ട് മേൽക്കൂരയിൽ കയറി. അപ്പോഴേക്കും പട്ടി അവിടെയെത്തി അങ്ങനെ അവർ കൂട്ടുകാരായി. അപ്പോൾപെട്ടെന്ന് മഴ നിലച്ചു. അപ്പോൾ ഒരു കാര്യം മനസ്സിലായി ശത്രുതയിലും നല്ലത് സൗഹൃദമാണ്.

കൃഷ്ണപ്രിയ സി എം

# മഹാപ്രളയം



പ്രളയം പ്രളയം മഹാ പ്രളയം.

പ്രളയത്തിൽ കുടുങ്ങി അനേകം ജീവനുകൾ.


എന്തു ചെയ്യണമെന്ന് അറിയാതെ പകച്ചു നിൽക്കുന്ന ജനതകൾ.രക്ഷ കാത്ത് ആയിരങ്ങൾ അങ്ങോട്ടുമിങ്ങോട്ടും അലയുന്നു. നഷ്ടപ്പെട്ടത് എങ്ങനെ സഹിക്കും ഈ ജനത ഈ കാഴ്ചകൾ ഒരു ആയുസ്സിന്റെ അദ്ധ്വാനം മുഴുവനും ഒറ്റ രാത്രിയിൽ ഒലിച്ചു പോയതോർക്കുമ്പോൾ ഇനി എന്തിനു ജീവിക്കണമെന്ന് ഓർത്തു പോകുന്ന ഈ ജനതകൾ.

ഭക്ഷണമില്ല, വസ്ത്രമില്ല, പാഠപുസ്തകങ്ങൾ ഇല്ല കിടക്കാൻ പാർപ്പിടമില്ല സ്വന്തമെന്ന് പറയാൻ

ഇനി ഒന്നുമില്ല. ഇതൊന്നുമില്ലാതെ എന്താണീ ജീവിതം .എങ്കിലും, നമുക്ക് അതിജീവിക്കാം കൈകോർത്ത്, ഈ മഹാ പ്രളയത്തെ.

-സങ്കീർത്തന.എസ്

# ബേപ്പൂർ സുൽത്താൻ



“ദൈവം പറഞ്ഞിട്ടുണ്ട് ഇഹലോക ജിവിതം ഒരു തമാശയാണെന്ന്
അതുകൊണ്ട് മിക്ക കാര്യങ്ങളും ഞാൻ തമാശയായിട്ടാണെടുക്കുന്നത്.”

"കുഴിമടിയൻമാരായ ബഡുക്കൂസുകൾക്ക പറ്റിയ പണിയെ പറ്റി
തലപുകഞ്ഞാലോചിച്ചപ്പോൾ നിധി കിട്ടിയ മാതിരി ഒരെണ്ണം കിട്ടി.
എഴുത്തുകാരനാവുക.വലിയ ബുദ്ധിയൊന്നും വേണ്ട.ഭാവനയും വേണ്ട.”

“ഞാൻ എഴുത്തുക്കാരനായത് എന്റെ മാതാപിതാക്കൾ എനിക്ക് വിദ്യാഭ്യാസം തന്നതുകൊണ്ടാണ്.”

വിശേഷണങ്ങൾ ആവശ്യമില്ലാത്ത എഴുത്തുക്കാരന്റെ സവിശേഷ ജീവിതത്തിലെ ചിന്താശകലങ്ങളാണ് ഇതെല്ലാം.
കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ 1908-ൽജനിച്ച കൊച്ചുമുഹമ്മദ് ആണ് വൈക്കം മുഹമ്മദ് ബഷീർ ആയത്.കായിഅബ്ദുൾ റഹ്മാൻ സാഹിബിന്റെയും

കുഞ്ഞാച്ചുമ്മയുടെയും മൂത്ത മകൻ.
അബൂബക്കർ,അബ്ദുൾ ഖാദർ,ഹനീഫ,ഫാത്തിമ എന്നിവർ സഹോദരങ്ങൾ. സഹോദരി പാത്തുമ്മായുടെ ആടാണ് ബഷീറിന്റെ വിഖ്യാതനോവലിൽ 'നായിക'യായെത്തുന്നത്.
1958-ൽ ബഷീർ വിവാഹിതനായി.ഫാത്തിമാ ബീവി എന്നു പേരുള്ള അവരെ ബബേപ്പൂർ സുൽത്താൻഷീർ ഫാബി എന്നാണ് സ്റ്റൈലായായി വിളിച്ചിരുന്നത്.
ഷാഹിന,അനീസ് എന്നിവരാണ് മക്കൾ.മക്കളും ഭാര്യയും അദ്ധേഹത്തെ
'റ്റാറ്റാ' എന്നു വിളിച്ചു.
ബഷീറിനെ 'കഥയുടെ സുൽത്താൻ' എന്നു മാത്രമല്ല, 'കഥയിലെ സുൽത്താൻ എന്നും വിശേഷിപ്പിക്കാം.കാരണം,സ്വന്തം കഥകളിൽപലപ്പോഴും രാജാവായും പ്രജയായും അദ്ധേഹം കടന്നുവരുന്നുണ്ട.ബഷീർമാത്രമല്ല,അദ്ദഹത്തിന്റെകുടുംബാഗങ്ങളും .ഒരു വാക്കുതർക്കത്തിലേക്കോ അടിപിടിയിലേക്കോ നീങ്ങുമായിരുന്ന സാഹചര്യത്തെ വ്യത്യസ്തമായി
സമീപിച്ച് രസകരവും മംഗളകരവുമാക്കിതീർത്ത അദ്ദേഹത്തെ മലയാളികൾ ഏറെ സ്നേഹിച്ചു.ബഷീറിന്റെ ഓരോ കഥ വായിക്കുമ്പോഴും
ബഷീർ എന്ന വ്യക്തിയെ വായനക്കാർ കൂടുതൽ കൂടുതൽ അറിഞ്ഞു.
കഥ വായിച്ചും കത്തെഴുതിയും അവർക്ക് ബഷീറിനോടുള്ള ഇഷ്ടം കൂടാകൊണ്ടേയിരുന്നു.മലയാളത്തിൽ ഒരുപക്ഷെ,ഏറ്റവും കൂടുതൽ കത്തുകൾലഭിച്ച,ഏറ്റവും അധികം കത്തുകൾക്ക്

മറുപടിയെയുതിയ,ഏറ്റവുംഅധികംസന്ദർശകരുണ്ടായിരുന്ന എഴുത്തുകാരനായിരിക്കും വൈക്കം മുഹമ്മദ് ബഷീർ എന്ന 'ബേപ്പൂർ സുൽത്താൻ'.

# ബഷീറിന്റെ പ്രധാന കൃതികളിലൂടെ

## പാത്തുമ്മായുടെ ആട്



ബഷീറിന്റെ ഏറെ പ്രസിദ്ധമായ നോവലാണ് പാത്തുമ്മായുടെ ആട്.1959-ൽപ്രസിദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്നൊരു പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു.ബഷീറിന്റെ ഉമ്മ, സഹോദരങ്ങൾ,അവരുടെ ഭാര്യമാർ,കുട്ടികൾ തുടങ്ങിയവർ അടങ്ങുന്ന കൂട്ടുകുടുംബം ഒരു കൊച്ചുവീട്ടിൽ ഒരുമിച്ചാണ കഴിഞ്ഞിരുന്നത്.അവിടെ നടക്കുന്ന ദൈനംദിന സംഭവങ്ങൾ തന്റെ തനതു ശൈലിയിൽ വിവരിക്കുന്ന കഥയാണിത്.വീട്ടിലെ ഓരോ കുടുംബാംഗവും പാത്തുമ്മ വളർത്തുന്ന ആടും വരെ ഈ നോവലിലെ പ്രധാന കഥാപാത്രങ്ങളാണ്. മാനസികാ സ്വാസ്ഥ്യത്തിന് ചികിത്സയുമായി വൈക്കത്തിനടുത്തുള്ള കുടുംബവീട്ടിൽ കഴിയുമ്പോഴാണ് ബഷീർ ഇത് എഴുതുന്നത്.

## ബാല്യകാലസഖി




'ഒന്നും ഒന്നും കൂട്ടിയാൽ ഉമ്മിണി വല്യ ഒന്ന് ' ശൈലി മലയാളത്തിന് സംഭാവന ചെയ്ത നോവലാണ് ബാല്യകാലസംഖി.ബഷീറിന്റെ നോവലുകളിൽ ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ട കൃതികളിൽ ഒന്നാണിത്.മജീദും സുഹ്റയും തമ്മിലുള്ള പ്രണയവും അവരുടെ ജീവിതത്തിൽ സംഭവിക്കുന്ന മാറ്റങ്ങളുമാണ് ഇതിലെ പ്രമേയം.

## ഭാർഗവീനിലയം




കണ്ടാൽ ഭയം തോന്നിക്കുന്ന വീടുകൾക്ക് ചിലർ ഭാർഗവീനിലയം പോലെ എന്നു പറയാറുണ്ട്.ഈ ശൈലി വന്നതും ബഷീറിന്റെ കയ്യിൽ നിന്നു തന്നെ! 'നീലവെളിച്ചം' എന്ന ചെറുകഥയാണ്ഭാർഗവീനിലയം എന്ന സിനിമയായി മാറിയത്.ഒറ്റപ്പെട്ട വീട്ടിൽ താമസിക്കുന്ന എഴുത്തുക്കാരനും അവിടത്തെ കിണറ്റിൽ വീണ മരിച്ച യുവതിയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. വിൻസെന്റ് സംവിധാനം ചെയ്ത സിനിമയ്ക്ക് തിരക്കഥ
രചിച്ചത് ബഷീർ തന്നെ.

## ആനവാരിയും പൊൻകുരിശും




'സ്ഥലം' എന്നു വിശേഷിക്കപ്പെടുന്ന ഒരു സാങ്കൽപിക ഗ്രാമത്തിലാണ് ഈ കഥ.ആനവാരി രാമൻ നായർ പണ്ട് വെറും രാമൻ നായരും പൊൻകുരിശ്ശു തോമ പണ്ടു വെറും തോമയുമായിരുന്നുവെത്രേ.ഈ പേര് അവർക്ക് ലഭിച്ചതെങ്ങനെ എന്നതിനുള്ള ഉത്തരമാണ് ഈ കൃതിയെന്ന് ബഷീർ പറയുന്നു.

## ഭൂമിയുടെ അവകാശികൾ




ബഷീറിന്റെ പ്രശസ്തമായ കഥകളിലൊന്നാണിത്.സകല ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണെന്ന ആശയം ഈ കഥയിലൂടെ ബഷീർ സരസമായി അവതരിപ്പിക്കുന്നു.മനുഷ്യനു മാത്രമാണ് ഭൂമിക്കുമേൽ അധികാരമുള്ളത് എന്ന അഹങ്കാരത്താൽ ചെയ്തു കൂട്ടുന്ന ദുഷ്പ്രവർത്തികളോടുള്ള ബഷീറിന്റെ അതൃപ്തിയും പ്രതിഷേധവുമാണ് ഈ കഥ പറയുന്നത്.ക്ഷണിക്കപ്പെട്ടു വന്നെത്തുന്ന പക്ഷികളും പൂമ്പാറ്റകളും തുടങ്ങി ചിതലുകൾ,എലികൾ,കൊടിയ വിഷമുള്ള കരിന്തേളുകൾ

തുടങ്ങിയവയും ഭൂമിയുടെ അവകാശികളാണെന്ന് കഥാകാരൻ വാദിക്കുന്നു.
ആദർശവാദിയായ കഥാനായകനും പ്രായോഗിക ചിന്താഗന്തിക്കാരിയായ ഭാര്യയും തമ്മിലുള്ള വാദപ്രതിവാദങ്ങളുമൊക്കെ ഈ കഥയെ കൂടുതൽ ഹൃദ്യമാക്കുന്നു.

## ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്




1951-ൽ പ്രസിദ്ധീകരിച്ച ഈ നോവലിൽ നിഷ്കളങ്കയായ കുഞ്ഞുപാത്തുമ്മയുംനിസാർ അഹമ്മദും തമ്മിലുള്ള പ്രണയവും ഹാസ്യത്തിൽ പൊതിഞ്ഞ സാമൂഹ്യ വിമർശനവുമാണ് വിഷയം.പണ്ടെങ്ങാണ്ടുണ്ടായിരുന്നു എന്ന് വിശ്വസിക്കുന്ന ആന പൊയ് പോയ ഐശ്വര്യത്തിന്റെ അടയാളമാണ്.ഉന്നരി,ബയി,ബയത്തനങ്ങ വയക്കിട്ടുക,ചുമ്മായരി,ഉമ്മിണി,ഉട്ടാപ്പി തുടങ്ങിയ കുഞ്ഞുപാത്തുമ്മയുടെ പ്രയോഗങ്ങളെല്ലാം രസകരമാണ്.സമൂഹത്തിലെ അന്ധവിശ്വാസങ്ങളും നിരക്ഷരതയും അവസാനിപ്പിക്കാനുള്ള ബഷീറിന്റെ ആഹ്വാനം ഈ നോവലിൽ മുഴുനീളം കാണാം.

## മതിലുകൾ



1965-ൽ പുറത്തിറങ്ങിയ ഇതിൽ രാഷ്ട്രീയ തടവുക്കാരനായി ജയിലിലെത്തുന്ന ബഷീർ തന്നെയാണ് പ്രധാന കഥാപാത്രം. ജയിലനകത്ത് ഒരു പൂന്തോട്ടം നിർമിച്ച്ജയിൽജീവനക്കാരുമായി നല്ല ചങ്ങാതത്തിലാമ് ബഷീർ കഴിയുന്നത്.ഒരു ദിവസം മതിലിനപ്പുറത്തെ പെൺജയിലിലെ തടവുകാരിയായ നാരായണിയുമായി ബഷീർ ചങ്ങാത്തത്തിലാകുന്നു.

## പ്രേമലേഖനം




1943-ലാണ് പ്രേമലേഖനം എന്ന ചെറു നോവൽ പ്രസിദ്ധീകരിച്ചത്.
ചിരിപ്പിക്കുന്ന ഒരു പ്രണയ കഥയാണിത്.ജാതിവ്യവസ്ഥയെയും സ്ത്രീ സമ്പ്രദായത്തെയും വിമർശിക്കുന്ന ഈ നോവലിലെ കേന്ദ്രകഥാപാത്രങ്ങൾ ജോലിയില്ലാത്ത വിവാഹ പ്രായം കഴിഞ്ഞുനിൽക്കുന്ന സാറാമ്മയും അവളുടെ വീട്ടിലെ വാടകക്കാരനായ കേശവൻ നായരുമാണ്.രണ്ടുപേരും
തമ്മിലുള്ള രസകരമായ പ്രമയമാണ് ഈ നോവലിന്റെ കഥ

# സ്വപ്നത്തിൽ നിന്നൊരു കവിത

എന്റെ മനസ്സിലെ കവിതകൾ
കൊഴിഞ്ഞ് പുസ്തകത്തിലേക്ക്
വീഴാൻ കാരണം പ്രകൃതിയാണ്
പ്രകൃതിയും ഞാനും ഒരുമിച്ചുറങ്ങി
അക്ഷരങ്ങളുടെ ലോകത്തേക്ക്
പറന്നിറങ്ങി
ഒരു പുതിയ കവിതയെഴുതി
ആ കവിത മെനഞ്ഞത്
അക്ഷരങ്ങളുടെ ലോകത്തിന്റ
അക്ഷരങ്ങളെ കട്ടെടുത്തായിരുന്നു

ഫാത്തിമ

# വിശപ്പ്

ഒരു നിലാവുള്ള രാത്രിയിൽ സിവിൽ സ്റ്റേഷനടുത്തുള്ള ബസ് സ്റ്റോപ്പിൽ പഴയൊരു കീറിയ ചാക്കു പുതച്ച് തണുപ്പിന്റെ താരാട്ട് കേട്ട് അവൾ വിറച്ച് കൊണ്ടിരിക്കുകയാണ്. അവളുടെ ഉണ്ട കണ്ണിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴികിയിരുന്നു. അവളുടെ മുടി കാട് പ്പോലെ വിരിച്ചിട്ടിട്ടുണ്ടായിരുന്നു. നിലാവിന്റെ കണ്ണുനീർ പ്രകാശിച്ചു കൊണ്ട് അവളുടെ കണ്ണുകൾ നിലം പതിച്ചു അന്നും പട്ടിണിയിലായിരുന്നു. വിശപ്പിനെ ഉള്ളിലൊതുക്കി. റോഡിന്റെ അറ്റത്തുള്ള ഒരു പഴയ റൊട്ടി കഷ്ണം അവൾ കണ്ടു . മൂടിപുതച്ചു കിടന്ന ചാക്കിനെ ദൂരെയെറിഞ്ഞ് അവൾ റോഡിലേക്ക് പാഞ്ഞു. മിന്നൽ വേഗത്തിൽ വന്ന ഒരു ലോറി അവളെ തട്ടിത്തെറിപ്പിച്ചു കൊണ്ട് ദൂരേക്ക് പോയി. ഒരു നിമിഷം,നിലാവിന്റെ വെളിച്ചം നിലച്ചു . റോഡിൽ ചോരപുഴയായ് ഒഴുകി അപ്പോഴും ആ ജ്വലിക്കുന്ന കണ്ണുകൾ ആ പഴയ റൊട്ടികഷ്ണത്തിൽ തന്നെയായിരുന്നു

# പരീക്ഷ



ആർത്തുക്രവി കളിച്ചപ്പോഴും
പരീക്ഷയെ ഞാൻ ഭയന്നില്ല
അമ്മയ്ക്കും അച്ചനും വേണ്ടി
പുസ്തകം നിവർത്തി നേരം
പോക്കിനായ് അപ്പോഴും
പരീക്ഷയെ ഞാൻ ഭയന്നില്ല
ഞാൻ അധ്യഷ്യയാണെന്ന മട്ടിൽ
പരീക്ഷയെ പുച്ഛിച്ചു
കൈതവത്താൽ ഞാൻ പരീക്ഷ
യെഴുതി അപ്പോഴും പരീക്ഷയെ
ഞാൻ ഭയന്നില്ല

-രഹ്ന.എ

## സമർപ്പണം

ഞങ്ങളെ പോലുള്ള
കൊച്ചുകുരുവികളെ
ചിറകുവിരിക്കാൻ പഠിപ്പിച്ച
പ്രിയ അധ്യാപകർക്ക്....